# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 25, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--295]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 2956 മുതൽ 3062 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 3063 മുതൽ 3159 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 3160 മുതൽ 3240 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 3241 മുതൽ 3250 വരെ |

### ശബരിമല ഫെസ്റ്റിവൽ പദ്ധതി

2956 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2021-22 മുതൽ ശബരിമല ഫെസ്റ്റിവൽ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ തൽസ്ഥിതി വിവരവും വിശദമാക്കാമോ?

### മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2957 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 മുതൽ 2026-27 വരെയുള്ള കാലയളവുകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതികളുടെയും നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

### അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2958 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അഴീക്കോട് മണ്ഡലത്തിൽ പൊതുമരാമത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ, പുരോഗമിക്കുന്നവ, ആരംഭിക്കാത്തവ എന്നിവ തരംതിരിച്ച് തുക ഉൾപ്പെടെ വിശദാംശം നൽകാമോ;

(സി) ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ അറിയിക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

2959 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ ബ്രിഡ്ജസ് വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എന്നിവ വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗത്തിന്റെ പ്രവൃത്തികൾ

2960 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 2021 മെയ് മുതൽ നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിൽ എത്ര തുകയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കോവളം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

2961 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2026 കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

2962 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ-ഇന്ത്യനൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര സൂപ്പർ മാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ് ഐ.ഡി: പി.ഡബ്ല്യൂ.ഡി./ആർ.ബി./ഇ.എസ്.ടി./9679/2025-5-1-1) സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രവൃത്തിയുടെ അടങ്കലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

ഭരണാനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) തിരൂർ-മലപ്പുറം ദേശീയ പാതയിൽ കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഭാഗത്ത് (71-ബി/എൻ.കെ.എം. 21/320 to 21/470 ) സംരക്ഷണ ഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ്.ഐ.ഡി: പി.ഡബ്ല്യു.ഡി./ ആർ.ബി./ഇ.എസ്.ടി./16293/2025-5-1-1) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയുടെ അടങ്കലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഭരണാനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) കോട്ടക്കൽ മാനദേവൻ രാജാ റോഡിന്റെ (കോവിലകം റോഡ്) വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിംഗ് ടീം

2963 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കോൺസ്റ്റിറ്റ്യൂൻസി മോണിറ്ററിംഗ് ടീമിന്റെ (സി.എം.ടി.) പ്രവർത്തന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പാറശ്ശാല നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര സി.എം.ടി. യോഗങ്ങൾ ചേർന്നിട്ടുണ്ട്; പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയെന്നും ഏതൊക്കെ പ്രവൃത്തികൾ പുരോഗമിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത യോഗ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തതിന്റെ കാരണം ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം

2964 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതലുള്ള ഓരോ സംസ്ഥാന ബഡ്ജറ്റിലും പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നീ വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി ആരംഭിച്ചതിനു ശേഷം പൊതുമരാമത്ത് വകുപ്പിന് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിൽ എത്ര ശതമാനം കുറവ് വന്നിട്ടുണ്ട്; ആയതിനനുസരിച്ച് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിച്ച പാലങ്ങളുടെ എണ്ണം, എത്ര കിലോമീറ്റർ റോഡുകൾ പുനരുദ്ധാരണം ചെയ്തിട്ടുണ്ട്, പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം എന്നീ വിശദാംശം ലഭ്യമാക്കാമോ?

**കടുത്തുരുത്തി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പദ്ധതികൾ**

2965 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന റോഡ്, കെട്ടിടം, പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി, തുക എന്നിവ വിശദമാക്കാമോ;

(ബി) 2021 ജൂൺ മാസത്തിന് ശേഷം കടുത്തുരുത്തി മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള റോഡ്, കെട്ടിടം, പാലം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; കൂടാതെ പൊതുമരാമത്ത് അനുവദിച്ച നബാർഡ് പദ്ധതികൾ ഏതെല്ലാം; ഇവയുടെ തുക, പ്രവർത്തന പുരോഗതി എന്നിവ വിശദീകരിക്കാമോ?

**റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

2966 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം യഥാസമയത്തിനുള്ളിൽ പൂർത്തീകരിക്കുന്ന കോൺട്രാക്ടേഴ്സിന് പ്രത്യേക പാരിതോഷികം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ ഗ്യാരന്റി സ്കീമിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

**കാസർഗോഡ് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം**

2967 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2016 മുതൽ നാളിതുവരെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകളും പാലങ്ങളും കെട്ടിടങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

**കൂത്തുപറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ**

2968 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളുടെയും പുരോഗതിയും അനുവദിച്ച തുകയും തരം തിരിച്ച് വിശദമാക്കുമോ;

(ബി) പൂർത്തിയാവാത്ത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## മരാമത്ത് പണികളുടെ ഗുണമേന്മ പരിശോധിക്കാൻ നടപടി

2969 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവൃത്തികൾ നടക്കുമ്പോൾ തന്നെ ലാബ് ടെസ്റ്റ് ഉൾപ്പെടെ നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുമോ;

(സി) മരാമത്ത് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തി നിരന്തര നിരീക്ഷണം നടത്താൻ തയ്യാറാകുമോ?

## പൊതുമരാമത്ത് വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം

2970 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

## മാടായി റസ്റ്റ് ഹൗസ് നിർമ്മാണം

2971 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി റസ്റ്റ് ഹൗസ് നിർമ്മാണ പുരോഗതി അറിയിക്കാമോ; മേൽപ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പ് പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് പ്രവൃത്തികൾ</u>

2972 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പ്ലാൻ ഫണ്ടിൽ നിന്നും നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>പൊതുനിരത്തുകൾ അപകടരഹിതമാകാൻ നടപടി</u>

2973 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ;

(ബി) മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തി വയ്ക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെവിശദമാക്കുമോ?

## <u>ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത</u>

2974 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>എൻ.ആർ.എം.ബി. ലഭ്യത കുറവ് കാരണം റോഡുകളുടെ നവീകരണത്തിലെ കാലതാമസം</u>

2975 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നവീകരണത്തിനായി നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ലഭ്യമല്ലാത്തതിനാൽ കരാറെടുത്ത പ്രവൃത്തികൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എൻ.ആർ.എം.ബി. ലഭ്യമല്ലാത്തതിനാൽ റോഡുകളുടെ നവീകരണം മുടങ്ങുന്നത് ഒഴിവാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) പുതുക്കാട് മണ്ഡലത്തിലെ ആമ്പല്ലൂർ - പാലപ്പിള്ളി റോഡ് നവീകരണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) എൻ.ആർ.എം.ബി. യ്ക്ക് പകരമായി മറ്റു സാധ്യതകൾ പ്രയോജനപ്പെടുത്തി റോഡ് നിർമ്മാണങ്ങൾ കാലതാമസം കൂടാതെ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പുതുപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

2976 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പുതുപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്കായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ;

(ബി) അവയിൽ സംസ്ഥാന ബജറ്റുകളിൽ തുക വകയിരുത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തെന്നുമുള്ള വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ അവ മറി കടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ?

## കുറ്റ്യാടി ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനുള്ള മരാമത്ത് പ്രവൃത്തികൾ

2977 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ടൗൺ വിപുലീകരണം, ഓവർ ബ്രിഡ്ജ് നിർമ്മാണം, പാലം നിർമ്മാണം എന്നിവ ഉൾപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ?

## കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2978 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) വഴി അനുവദിച്ച പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ

2979 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

ഉണ്ടെങ്കിൽ മഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള പുതിയ പദ്ധതികൾ ഉണ്ടോ; വിശദമാക്കാമോ?

## തോടന്നൂർ- ഇടിഞ്ഞകടവ് റോഡ് നിർമ്മാണ പുരോഗതി

2980 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തോടന്നൂർ - ഇടിഞ്ഞകടവ് റോഡ് നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

## കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ പദ്ധതി

2981 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനം എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം

2982 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## ചെമ്മണ്ണാർ ഗ്യാപ് റോഡിലെ അപകടങ്ങൾ

2983 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മണ്ണാർ ഗ്യാപ് റോഡിൽ ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണത്തിനു ശേഷം നാളിതുവരെ എത്ര അപകടങ്ങൾ ഈ റോഡിൽ ഉണ്ടായിട്ടുണ്ട്; എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) കേരളത്തിന് പുറത്തു നിന്നും വരുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ റോഡിന്റെ ഘടന സംബന്ധിച്ച മുന്നറിയിപ്പ് വിവിധ ഭാഷകളിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഈ റോഡിലെ അപകടങ്ങൾ കുറയ്ക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നുവെന്ന് കരുതുന്നുണ്ടോ; അപകടങ്ങൾ തടയുന്നതിന് കൂടുതൽ ഫലപ്രദമായ എന്തൊക്കെ നടപടികൾ സ്വീകരിക്കാം; വിശദാംശം നൽകാമോ?

## വാമനപുരം മണ്ഡലത്തിലെ റോഡ് നവീകരണം

2984 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവുകളിൽ വാമനപുരം മണ്ഡലത്തിൽ പി.ഡബ്ള്യൂ.ഡി, കെ.ആർ.എഫ്.ബി.KRFB),കെ.എസ്.ടി.പി.(KSTP) മുഖാന്തരം ബി.എം.&ബി.സി. (BM&BC), ബി.സി.ഓവർലേ, എം.എസ്.എസ്. നിലവാരത്തിൽ പൂർത്തിയാക്കിയതും നവീകരണം നടന്നുകൊണ്ടിരിക്കുന്നതുമായ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുണ്ടെന്നും അവയുടെ നീളവും ചെലവാക്കിയ തുകയും വിശദമാക്കാമോ;

(ബി) പ്രസ്തുത നിലവാരത്തിൽ ഇനി നവീകരിക്കാനുള്ള റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങളും നൽകാമോ?

## കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ

2985 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയിലെ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ അപ്രോച്ച് റോഡിനുള്ള ഭരണാനുമതി

2986 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ ബാപ്പുജി പാർക്കിന് സമീപം കരിമ്പുഴ പുഴയിലേക്കുള്ള അപ്രോച്ച് റോഡിനും അനുബന്ധ പ്രവൃത്തികൾക്കുമായി ഭരണാനുമതി ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഫയൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പഞ്ചായത്ത് റോഡുകൾ

2987 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 15 വർഷകാലത്തിനിടയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പഞ്ചായത്ത് റോഡുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഏറ്റെടുത്ത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് റോഡും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതിന് ആരുടെ ഭാഗത്ത് നിന്നാണ് ശിപാർശ ഉണ്ടായതെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ഇനി ഏതെല്ലാം റോഡുകളാണ് പരിഗണനയിൽ ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് നിർമ്മാണ പുരോഗതി

2988 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; മേൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മലയോര ഹൈവേക്ക് വനഭൂമി

2989 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വനഭൂമി വിട്ടുകിട്ടാനായി എത്ര അപേക്ഷകളാണ് പരിവേഷ് പോർട്ടലിൽ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) അപേക്ഷകളുടെ പ്രൊപ്പോസൽ നമ്പറും റീച്ചിന്റെ പേരും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) മലയോര ഹൈവേക്ക് മൊത്തം എത്ര ഏക്കർ വനഭൂമിയാണ് വിട്ടുകിട്ടേണ്ടത്; വ്യക്തമാക്കാമോ;

(ഡി) വിട്ടുകിട്ടേണ്ട വന ഭൂമിയുടെ റീച്ച് അടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ;

(ഇ) വനഭൂമി വിട്ടുകിട്ടാത്തതുകൊണ്ട് ഏതെങ്കിലും ടെണ്ടർ ഫോർ ക്ലോസ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫോർ ക്ലോസ് ചെയ്ത റീച്ചിന്റെ പേര്, കോൺട്രാക്ടറുടെ പേര്, ടെണ്ടർ തുക, ഫോർ ക്ലോസ് ചെയ്ത തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ?

## ബി.എം. & ബി.സി. നിലവാരത്തിലുള്ള മരാമത്ത് റോഡുകൾ

2990 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൊത്തം പൊതുമരാമത്ത് റോഡുകളുടെ നീളം, ബി.എം. & ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിലുള്ള റോഡുകളുടെ നീളം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ബി. എം. & ബി. സി. നിലവാരത്തിലേയ്ക്കുയർത്തിയ പൊതുമരാമത്ത് റോഡുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതി

2991 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ ഭരണാനുമതി ലഭിച്ച കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതിക്ക് ഷെഡ്യൂൾ നിരക്കുകളിലും സ്ഥലവിലകളിലും ഉണ്ടായ ഗണ്യമായ വർധനവ് കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) പുതിയ അലൈൻമെന്റിന്റെ പശ്ചാത്തലത്തിൽ ഈ പദ്ധതിയുടെ പേര് കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതി എന്നാക്കി മാറ്റുന്നത് പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം

2992 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അപകടരഹിതവും സുരക്ഷിതവുമായ റോഡ് നിർമ്മാണം

2993 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡിന്റെ ഘടനയും സ്ഥലത്തിന്റെ സ്വഭാവവും അപകടസാധ്യതകളും വിലയിരുത്തിയശേഷം അപകടരഹിതവും സുരക്ഷിതവുമായ റോഡ് നിർമ്മാണത്തിനുള്ള സാദ്ധ്യതകൾ പരിശോധനാവിധേയമാക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന റോഡുകളിൽ പ്രതിദിനം ഉണ്ടാകുന്ന മാറ്റങ്ങൾ, പുതിയതായി രൂപപ്പെടുന്ന കവലകൾ, റോഡ് കയ്യേറ്റങ്ങൾ, വാഹന

സാന്ദ്രതയിലുണ്ടാകുന്ന മാറ്റം എന്നിവ ഓരോ പ്രാവശ്യവും റോഡ് പുനർനിർമ്മാണം നടത്തുന്ന സാഹചര്യത്തിൽ പരിഗണിക്കാറുണ്ടോ; വിശദീകരിക്കുമോ;

(സി) റോഡുകളിൽ അപകടമരണം സംഭവിക്കുന്നവരിൽ കാൽനട യാത്രക്കാരുടെയും സൈക്കിൾ യാത്രക്കാരുടെയും എണ്ണം വളരെ കൂടുതലുള്ള സാഹചര്യത്തിൽ എല്ലാ പ്രധാന റോഡുകളോടും അനുബന്ധിച്ച് അവർക്കായി പ്രത്യേക സുരക്ഷിത പാത നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

## എം.സി. റോഡിലെ പെരുമ്പാവൂർ മണ്ഡലത്തിൽ അനുഭവപ്പെടുന്ന ഗതാഗത തിരക്കും അനധികൃത കയ്യേറ്റങ്ങളും

2994 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എം.സി.റോഡിന്റെ പെരുമ്പാവൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിൽ അതീവ ഗതാഗത തിരക്ക് അനുഭവപ്പെടുന്നതും, വാഹനങ്ങൾ മണിക്കൂറുകളോളം ബ്ലോക്കിൽ കുടുങ്ങിക്കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലും അനധികൃത കയ്യേറ്റങ്ങൾ നടന്നതിന്റെ ഫലമായി വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## പാലക്കാട് -കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേ

2995 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് -കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ എൻട്രി, എക്സിറ്റ് പോയിന്റുകൾ എവിടെയെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## തൊടുപുഴ മണ്ഡലത്തിലെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

2996 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നബാർഡ്, സി. ആർ. എഫ്. (സെൻട്രൽ റോഡ് ഫണ്ട്), ശബരിമല പാക്കേജുകളിൽ ഉൾപ്പെടുത്തി ഏതെങ്കിലും റോഡ് നിർമ്മാണ പ്രവൃത്തിക്ക്

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

2997 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, ഗുണനിലവാര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഗുണനിലവാര നിയന്ത്രണങ്ങളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പാനൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം

2998 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി സമർപ്പിച്ച 2.5 കോടി രൂപയുടെ അടങ്കലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത അടങ്കൽ പ്രകാരമുള്ള തുക അനുവദിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഗവ. പോളിടെക്നിക്കിന് അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം

2999 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവ. പോളിടെക്നിക്കിന് പുതിയതായി അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നാണെന്ന് വിശദമാക്കാമോ?

## ഞാറക്കൽ ഫിഷറീസ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

3000 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഫിഷറീസ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി

വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

3001 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം വഴി അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

**ചേലേമ്പ്ര കുടുംബാരോഗ്യകേന്ദ്രത്തിന് കെട്ടിട നിർമ്മാണാനുമതി**

3002 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി സമയബന്ധിതമായി അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

3003 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 23.33 കോടി രൂപ അനുവദിച്ചിട്ടുള്ള ഒറ്റപ്പാലം കോടതി സമുച്ചയം പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് ഉള്ളതെന്നും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് എഗ്രിമെന്റ് വയ്ക്കുവാൻ സാധിക്കുമെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**പീപ്പിൾസ് റസ്റ്റ് ഹൗസ്**

3004 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി ആരംഭിച്ചതിനുശേഷം വടകര റസ്റ്റ് ഹൗസിൽ നിന്നും ലഭിച്ച വരുമാനം എത്രയാണെന്ന് അറിയിക്കമോ;

(ബി) പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി ആരംഭിച്ചതിനുശേഷം സംസ്ഥാന വ്യാപകമായി സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ?

**തരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികൾ**

3005 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 കാലയളവിൽ തരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>അരൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ</u>**

3006 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ അരൂർ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എസ്റ്റിമേറ്റ് സമർപ്പിച്ചതുമായ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭിക്കാത്തതെന്ന് വിശദമാക്കാമോ;

(സി) സാങ്കേതികാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ടെൻഡർ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

**<u>കൊല്ലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

3007 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനു കീഴിൽ പദ്ധതി പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>**

3008 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കെട്ടിടം വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ, എസ്റ്റിമേറ്റ് തുക എന്നിവ വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ ഗവ. എം.എൻ കെ.എം.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം</u>**

3009 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ പൊതുവിദ്യാഭ്യാസ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച് ഉത്തരവായതും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർവ്വഹണ ചുമതലയുള്ളതുമായ ഒറ്റപ്പാലം മണ്ഡലത്തിലെ ഗവ. എം.എൻ

കെ.എം.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## പാലാ ആർ.ഡി.ഒ. ഓഫീസ് കോംപ്ലക്സ് നിർമ്മാണം

3010 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ആർ.ഡി.ഒ. ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

3011 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) നെല്ലായി- ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ചെടിയാലക്കടവ് പാലം നിർമ്മാണം

3012 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെടിയാലക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കേണ്ട വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## തരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം അനുവദിച്ച പദ്ധതികൾ

3013 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ തരൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം മുഖേന എത്ര തുകയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മേൽപ്പാലങ്ങളുടെ നിലവിലെ സ്ഥിതി

3014 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഫ്ലൈ ഓവറുകൾക്കാണ് നിലവിൽ നിർമാണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തികൾ**

3015 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പാലം പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങിയെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**ബ്ലാവനക്കടവ്, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണം**

3016 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് രണ്ട് പാലങ്ങളുടെയും നിർമ്മാണം ഉടനടി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുട്ടനാട്ടിലെ കോതാറത്തോട്ടു പാലത്തിന്റെ ടെൻഡർ നടപടികൾ**

3017 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കോതാറത്തോട്ടു പാലത്തിന്റെ ടെൻഡർ നടപടികൾ വേഗത്തിലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഡിസൈൻ വിഭാഗത്തിൽ ഉൾപ്പെടെ വലിയ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**മണ്ണാർക്കാട് മണ്ഡലത്തിലെ കണ്ണംകുണ്ട് കടവ് പാലം നിർമ്മാണം**

3018 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1414.30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മണ്ണാർക്കാട് മണ്ഡലത്തിലെ കണ്ണംകുണ്ട് കടവ് പാലം നിർമ്മാണത്തിന്റെ തുടർനടപടികൾക്ക് വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക നടപടിക്രമങ്ങളും ടെൻഡർ നടപടികളും പൂർത്തിയാക്കി പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; വിശദാംശം

ലഭ്യമാക്കാമോ?

## കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

3019 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വ്യക്തമാക്കുമോ;

(ബി) ഓരോ പാലങ്ങളുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികളുടെ ടെൻഡർ നടപടി വരെയുള്ള കാര്യങ്ങളിലെ കുറ്റകരമായ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികൾ

3020 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) അവ ഓരോന്നിന്റെയും നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി

3021 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കുമോ; ഇവയുടെ പൂർത്തീകരണ കാലയളവ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

## അഴീക്കോട് - മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ

3022 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 154.625 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021 -ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള

അഴീക്കോട്- മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലം നിർമ്മാണം

3023 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടി അവസാനഘട്ടത്തിൽ എത്തിയ സാഹചര്യത്തിൽ ടെൻഡർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിൽ നിർമ്മാണത്തിലുള്ള പാലങ്ങൾ

3024 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര പാലങ്ങളാണ് നിർമ്മാണത്തിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## എസ്.എൽ.ആർ. ജീവനക്കാർക്ക് വർക്കർ ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം

3025 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർക്ക് വർക്കർ ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് സംബന്ധിച്ച 34089/ബി1/2014/ പി.ഡബ്ല്യു.ഡി. നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ 11 വർഷം സേവനം പൂർത്തിയാക്കിയ ടി ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിൽ നിലവിലുള്ള സാങ്കേതികതടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സമാന തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്നവരെ 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ നടപടിക്രമങ്ങൾ അടിസ്ഥാനപ്പെടുത്തി ഉദ്യോഗക്കയറ്റം നൽകാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കേസുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ജീവനക്കാർക്ക് വർക്കർ ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ

3026 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ബജറ്റുകളിൽ പ്രഖ്യാപിച്ച ഷൊർണ്ണൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; ഇവയിൽ പൂർത്തീകരിച്ചവ, ഇനിയും അനുമതി ലഭിക്കാനുള്ളവ, പ്രവൃത്തി പുരോഗമിക്കുന്നവ എന്നിവ വിശദമാക്കാമോ?

## കടമക്കുടി പഞ്ചായത്തിൽ 'വി' പാർക്ക് പദ്ധതി

3027 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിൽ, കണ്ടെയ്നർ റോഡിലെ കോതാട് പാലത്തിന് താഴെയുള്ള ഭാഗം 'വി' പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപ പത്രം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിരാക്ഷേപ പത്രം ലഭ്യമാകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

3028 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതും കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനുവദിക്കപ്പെട്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതിക അനുമതി ലഭ്യമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും സാങ്കേതിക അനുമതി ലഭ്യമാകാത്ത പ്രവൃത്തികളിൽ അത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി

3029 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി സഹായത്തോടെയുള്ള ബൈപ്പാസ് റോഡുകൾ

3030 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ ബജറ്റിൽ കിഫ്ബി സഹായത്തോടെ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച ബൈപ്പാസ് റോഡുകൾ ഏതൊക്കെയാണ്; ഇതിൽ എത്ര ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തിയാക്കി; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവർത്തനങ്ങൾ

3031 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും നിലവിൽ എത്ര പദ്ധതി പ്രവൃത്തികൾ പുരോഗമിച്ച് വരുന്നുവെന്നും വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള താത്കാലിക നിയമനങ്ങൾ

3032 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയതെന്നും മറ്റു നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## പതിനാറുങ്ങൽ-വെന്നിയൂർ ബൈപ്പാസ് നിർമ്മാണം

3033 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പതിനാറുങ്ങൽ-വെന്നിയൂർ ബൈപ്പാസ് നിർമ്മാണ നടപടികൾ ഏതു വരെയായെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഡിസൈൻ, ഡി. പി. ആർ. എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പദ്ധതിക്ക് കിഫ്ബി ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ദേശീയപാത 66 തലപ്പാടി–ചെങ്കള റീച്ചിലെ പ്രവൃത്തികൾ

3034 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 തലപ്പാടി–ചെങ്കള റീച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാതയോരങ്ങളിൽ നിന്ന് മുറിച്ച് മാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത റീച്ചിൽ മൊഗ്രാൽ, ഷിറിയ തുടങ്ങിയ നദികൾക്ക് കുറുകെ നിലവിലുള്ള പഴയ പാലങ്ങൾക്ക് പകരമായി പുതിയ പാലങ്ങൾ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ .ഒ. സി.

3035 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ. ഒ. സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട 30.09.2009ലെ 20541/സി3/2009/പൊ.മ.വ. നമ്പർ സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസ്തുത അപേക്ഷകർക്ക് പൊതുമരാമത്ത് വകുപ്പിന്റെ എൻ. ഒ. സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ലോകനാർക്കാവ് മ്യൂസിയം നിർമ്മാണ പദ്ധതി

3036 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർക്കാവ് മ്യൂസിയം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ; പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ് നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നംചിറ ടൂറിസം പദ്ധതി

3037 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നംചിറ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തൽസ്ഥിതി വിവരം ലഭ്യമാക്കാമോ?

**<u>സ്പൈസസ് യാത്രാപാതകൾ</u>**

3038 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ സ്വീകാര്യത നേടിയ കേരളത്തിന്റെ പൈതൃക ടൂറിസം വിപുലീകരിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സമ്പന്നമായ ചരിത്രവും സംസ്കാരവും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്ന പൈതൃക ടൂറിസം പദ്ധതി കാസർഗോഡ് മുതൽ കൊല്ലം വരെ വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ആഗോള സമുദ്രവാണിജ്യത്തിന്റെയും സാംസ്കാരിക വിനിമയത്തിന്റെയും രജതപാതകളായ സ്പൈസസ് യാത്രാപാതകൾ വികസിപ്പിച്ച്, സ്പൈസസ് ജേർണീസ് സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി സ്പൈസസ് റൂട്ടുകളുടെ പാരമ്പര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെറിറ്റേജ് നെറ്റ്‌വർക്ക് പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>പാലങ്ങളുടെ സൗന്ദര്യവൽക്കരണം</u>**

3039 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം, അരൂകുറ്റി പാലങ്ങൾക്ക് കീഴിൽ സൗന്ദര്യവൽക്കരണം നടത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ</u>**

3040 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി വരുന്നതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കുമായി അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വിശദമാക്കാമോ?

**<u>സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ കഴിയുന്ന ടൂറിസം പദ്ധതികൾ</u>**

3041 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ കഴിയുന്ന ടൂറിസം പദ്ധതികളെക്കുറിച്ച് വിശദമായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; നിലവിൽ സ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്ന പ്രധാന ടൂറിസം പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പീച്ചി ഡാം പരിസരത്ത് സ്വകാര്യ മേഖലക്ക് അനുവദിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്;

(സി) സ്വകാര്യ നിക്ഷേപകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രാദേശിക ജനവിഭാഗങ്ങൾക്ക് ഈ പി. പി .പി. (പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ) പദ്ധതിയിൽ പങ്കാളിത്തമുണ്ടോ; വിശദമാക്കാമോ?

**<u>തീർത്ഥാടക ടൂറിസം പദ്ധതികൾ</u>**

3042 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കേന്ദ്രസഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മലബാർ മേഖലയിലെ തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ടൂറിസ്റ്റ് ഡസ്റ്റിനേഷൻ ചലഞ്ച് പദ്ധതി</u>**

3043 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളം ടൂറിസ്റ്റുകൾ എത്തുന്നതും പാലാ മണ്ഡലത്തിലെ പ്രദേശങ്ങളുമായ അയ്യമ്പാറ, കൈയ്യൂർ നാട്ടുകാണി, കുറിഞ്ഞി കുമ്പൻമല, മാർമല അരുവി, ചേനമല, മൂന്നിലവ്

പഞ്ചായത്ത് എരുമാപ്രയിലെ തേയില പാറ, ചൂളപാറ മുതലായ ടൂറിസം കേന്ദ്രങ്ങളിൽ ടേക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ മാതൃകയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസം ഡസ്റ്റിനേഷൻ ചലഞ്ച് പദ്ധതി വികസിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? വിശദമാക്കാമോ ?

## ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

3044 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചിമ്മിനി ഡാം മേഖലയിൽ വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ?

## താത്കാലിക നിയമനങ്ങൾ

3045 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയതെന്നും മറ്റു നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3046 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) മഞ്ചേരി ചെരണി പാർക്കിന്റെ ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് വിശദമാക്കാമോ;

(സി) മഞ്ചേരി ചെരണി പാർക്കിൽ ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മഞ്ചേരി മണ്ഡലത്തിൽ ടൂറിസം പദ്ധതികൾക്കായി 2021 മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും അവ ഏതൊക്കെ പദ്ധതികൾക്ക് വേണ്ടിയാണെന്നും അതിൽ ഏതൊക്കെ പണി പൂർത്തിയായി എന്നും വിശദമാക്കാമോ;

(ഇ) 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ ടൂറിസം പദ്ധതികൾക്കായി നൽകിയ ഭരണാനുമതിയും അനുവദിച്ച തുകയും വർഷം തിരിച്ച് കണക്കുകൾ സഹിതം ലഭ്യമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഏനാമാവ് നെഹ്റു പാർക്കിൽ അതിഥികൾക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ

3047 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏനാമാവ് നെഹ്റു പാർക്കിലെത്തുന്നവർക്ക് നിലവിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ;

(ബി) പാർക്കിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാർക്കിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ ടൂറിസം പദ്ധതികൾ

3048 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ ടൂറിസം വകുപ്പിന്റെ പ്ലാൻ-നോൺപ്ലാൻ ഫണ്ട് വിനിയോഗിച്ചും കിഫ്ബി ഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കുന്നതിന് അനുമതി നൽകിയതും നിർവ്വഹണം പുരോഗമിച്ച് വരുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച്

3049 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ സഞ്ചാരികൾ ദിനവും എത്തുന്ന കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സമർപ്പിച്ച അഞ്ചു കോടി രൂപയുടെ ഭരണാനുമതിയപേക്ഷയിൽ (ഫയൽ നമ്പർ G2-558-2025 കമ്പ്യൂട്ടർ നമ്പർ 3324863) അടിയന്തര തീരുമാനമെടുക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്പോർട്സ് ടൂറിസവുമായി ബന്ധപ്പെട്ട് ഒട്ടനവധി സാധ്യതകൾ അഴീക്കോട് മുനക്കൽ ബീച്ചിൽ ഉണ്ടെന്നത് പരിഗണിച്ച് ആയത് നടപ്പിലാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## ഈരാറ്റിൻപുറം ടൂറിസം പദ്ധതി

3050 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയ്ക്ക് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്നും ആയതിനായി നാളിതുവരെ എത്ര തുകയാണ് വിനിയോഗിച്ചതെന്നും വെളിപ്പെടുത്തുമോ?

## വടകര നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3051 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ വെള്ളിയാങ്കല്ല്, മിനി ഗോവ എന്നിവിടങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്കായി വകുപ്പ് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഓരോ പദ്ധതിക്കുമായി എത്ര രൂപ വീതം ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ;

(സി) മിനി ഗോവ ടൂറിസം പദ്ധതിയും വെള്ളിയാങ്കല്ല് ടൂറിസം പദ്ധതിയും നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## വ്ലാത്താങ്കര ദേവാലയത്തിലെ തീർത്ഥാടന ടൂറിസം പദ്ധതി

3052 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വ്ലാത്താങ്കര ദേവാലയത്തിലെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3053 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

## വിനോദ സഞ്ചാരമേഖലയുടെ വളർച്ച

3054 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് ഏറെ ഗുണകരമാകുന്ന വൻകിട-ചെറുകിട റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആയുർവേദ തെറാപ്പി സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിലവിലെ നിയമങ്ങളും നിബന്ധനകളും പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നിയമാനുസൃതം സംസ്ഥാനത്ത് നിലവിൽ ഇത്തരത്തിലുള്ള എത്ര വീതം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിലൂടെ എത്ര തൊഴിലവസരങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനും തൊഴിൽ സുരക്ഷയും ആരോഗ്യ ഇൻഷ്വറൻസ് സംരക്ഷണവും ഉറപ്പാക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ;

(ഡി) സംരംഭം എന്ന നിലയിൽ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കാൻ മുന്നോട്ടു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുമോ?

## പേരാമ്പ്ര മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

3055 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021-വരെയും 2021- മുതൽ നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് ഓരോ പദ്ധതിയുടെയും വിശദവിവരം സഹിതം വെളിപ്പെടുത്താമോ?

## ചെങ്കൽ ശിവക്ഷേത്രത്തിലെ തീർത്ഥാടന ടൂറിസം പദ്ധതികൾ

3056 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ ശിവക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

3057 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3058 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2021-26 കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ടി പദ്ധതികളിൽ പൂർത്തീകരിച്ചവ, പുരോഗമിക്കുന്നവ, ആരംഭിക്കേണ്ടവ എന്നിങ്ങനെ തരം തിരിച്ചുള്ള വിവരങ്ങൾ ചെലവ് തുക ഉൾപ്പെടെ വിശദമാക്കി നൽകുമോ?

## മങ്ങാട്ടുപാറയിലെ ടൂറിസം പദ്ധതി

3059 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മങ്ങാട്ടുപാറയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

## .ടൂറിസം പ്രദേശത്തെ അപകടകരമായ അവസ്ഥ

3060 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി സഞ്ചാരികൾ ദിനംപ്രതി എത്തിച്ചേരുന്നതും പാലാ മണ്ഡലത്തിലെ പ്രദേശവുമായ ഇല്ലിക്കൽ കല്ലിലെ കുടക്കല്ലുകളിൽ അപകടകരമായ രീതിയിൽ വിള്ളലുകൾ രൂപപ്പെട്ടിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ

3061 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താൽക്കാലിക ജീവനക്കാരുണ്ട്; തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, പി.എഫ്. വിഹിതം എന്നീ ഇനങ്ങളിൽ നിലവിൽ എത്ര തുക കുടിശ്ശിക ഉണ്ട്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി നിലവിൽ പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; നിയമന രീതി, ശമ്പള സ്കെയിൽ, വെബ്സൈറ്റ് വിലാസം എന്നിവ ഉൾപ്പെടുത്താതെ പരസ്യം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ടി ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഡാർക്ക് ടൂറിസം

3062 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായുള്ള ഡാർക്ക് ടൂറിസം സംസ്ഥാനത്തും പ്രകടമാകുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങളെ ടൂറിസം മാപ്പിൽ രേഖപ്പെടുത്തുന്നതിനും അവിടങ്ങളിലെ പവിത്രതയും സമാധാനവും നിലനിർത്തുന്നതിനുമായി പ്രത്യേക പ്രോട്ടോക്കോൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

(ബി) ദുരന്തബാധിത ഇടങ്ങൾ സന്ദർശിക്കുന്നവരിൽ നിന്നും ലഭിച്ചേക്കാവുന്ന വരുമാനം അതാത് പ്രദേശത്തെ അതിജീവിതരുടെ പുനരധിവാസത്തിനായി മാറ്റിവയ്ക്കുന്നതിനായി നടപടിയെടുക്കുമോ; വിശദമാക്കുമോ;

(സി) പെട്ടെന്ന് പ്രക്ഷുബ്ധമായേക്കാവുന്ന ഇത്തരം ഇടങ്ങളിൽ ഫോട്ടോഗ്രഫിയും വീഡിയോ ചിത്രീകരണവും നിയന്ത്രിക്കാൻ നിയമപരമായ ചട്ടക്കൂട് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

3063 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ കൊഴിഞ്ഞുപോക്ക് നിരക്ക് വിശദമാക്കാമോ; പട്ടികവർഗ്ഗ മേഖലയിലും തീരദേശ മേഖലയിലും ഇത് കുറയ്ക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ (സി ഡബ്ള്യൂ എസ് എൻ )പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനായി വിദ്യാലയങ്ങളിൽ നടപ്പാക്കിയ ഭൗതിക സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ മേഖലയിൽ ലിംഗസമത്വം ഉറപ്പു വരുത്തുന്നതിനായി പാഠ്യപദ്ധതിയിലും സ്കൂൾ അന്തരീക്ഷത്തിലും വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്; പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കുമോ?

## അനുകൂല കോടതിവിധി നേടിയ ഫയലുകൾ തീർപ്പാക്കാൻ നടപടി

3064 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനാംഗീകാരം, ശമ്പള കുടിശ്ശിക, മറ്റ് സർവീസ് പ്രശ്നങ്ങൾ തുടങ്ങിയവയിൽ അനുകൂല കോടതി വിധി സമ്പാദിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ഫയലുകളിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പിലെ മറ്റുസ്ഥാപനങ്ങളും തീർപ്പാക്കാനുള്ളവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദ്ദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുടെ എണ്ണവും അവ ആരുടേതെല്ലാമാണെന്നും ഏതുവിഷയത്തിൽ ആണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദ്ദേശിച്ച സമയപരിധി കഴിഞ്ഞതിനാൽ കോടതിയലക്ഷ്യ ഉത്തരവ് ലഭിച്ചവയുടെ എണ്ണവും അവ ആരുടേതെല്ലാമാണെന്നും ഏതുവിഷയത്തിൽ ആണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദ്ദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദ്ദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തതിനും കോടതിയലക്ഷ്യ നടപടികളിലേക്ക് എത്തിക്കുന്നതിനും കാരണമാകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ 2021 മുതൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

## <u>സ്കൂൾ കുട്ടികൾക്കിടയിലുള്ള അക്രമ സംഭവങ്ങൾ</u>

3065 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ഉള്ള അക്രമങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിക്കേറ്റ എത്ര സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ പൊതുവിൽ സ്വീകരിച്ചിട്ടുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണ്;

(സി) കുട്ടികൾക്കിടയിലെ അക്രമവാസന വർദ്ധിച്ചു വരുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പഠനങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) കുട്ടികളിലെ വർദ്ധിച്ചു വരുന്ന അക്രമവാസന കുറയ്ക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

## കുട്ടികളുടെ പഠന വൈകല്യങ്ങൾ കണ്ടെത്തുന്നതിന് നടപടി

3066 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി തലത്തിൽ തന്നെ കുട്ടികളുടെ പഠന വൈകല്യങ്ങൾ കണ്ടെത്തുന്നതിന് നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

(ബി) വ്യക്തിഗത പഠന പരിശീലന പ്രവർത്തനങ്ങളിലൂടെ ഇത്തരം കുട്ടികളുടെ പഠന വൈകല്യം പരിഹരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുട്ടികളുടെ പഠന വൈകല്യം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അധ്യാപകർക്ക് പരിശീലനം നൽകാൻ സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം

3067 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം വിദ്യാഭ്യാസത്തിന് അനുഗുണമായും സർഗാത്മകമായും പരിവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പ്രത്യേക പഠന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന, ഡിജിറ്റൽ ഡിവൈസ് ഇല്ലാത്ത എല്ലാ കുട്ടികൾക്കും സാങ്കേതികവിദ്യാപഠനം ഒരുപോലെ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) വിദ്യാലയങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ സൈബർ സുരക്ഷാ ഭീഷണികളെ പെട്ടെന്ന് കണ്ടെത്താനും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം

3068 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക,

ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കാമോ?

**പരീക്ഷകളുടെ വിശ്വാസ്യത നിലനിർത്തുന്നതിനുള്ള നടപടി**

3069 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്താം ക്ലാസ് സിലബസ് പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതിയ പാഠ്യപദ്ധതി അനുസരിച്ച് പത്താം ക്ലാസ് പരീക്ഷയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ടേം പരീക്ഷ, വാർഷിക പരീക്ഷ ഉൾപ്പെടെയുള്ള ചോദ്യപേപ്പറുകൾ ചോർന്ന സാഹചര്യം പരിഗണിച്ച് പരീക്ഷകളുടെ വിശ്വാസ്യത നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കോവളം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ**

3070 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016- 21, 2021 - 26 കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് വിദേശ സർവകലാശാല ക്യാംപസ്സ് പ്രവേശനം**

3071 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദേശ സർവകലാശാലകൾക്ക് ക്യാമ്പസുകൾ തുടങ്ങാൻ അനുമതി നൽകുമ്പോൾ അത്തരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പ്രവേശനം നേടാൻ പാകത്തിൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ സജ്ജരാക്കുന്ന ഗ്ലോബൽ ബെഞ്ച്മാർക്കിംഗ് പദ്ധതി സർക്കാർ വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വിദേശ സർവകലാശാലകളിലെ പ്രവേശന പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കും തയ്യാറെടുക്കാൻ സർക്കാർ സ്കൂളുകളിൽ പ്രത്യേക കരിയർ ആക്സിലറേഷൻ സെന്ററുകൾ തുടങ്ങുമോ; വിശദമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലാകുമ്പോൾ സ്കൂൾ തലത്തിൽ ഇന്റർനാഷണൽ ബാക്കലറിയേറ്റ് (ഐ.ബി.) മോഡൽ മൂല്യനിർണ്ണയം

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) വിദേശ ക്യാമ്പസുകളിലെ ഫീസ് ഘടന സാധാരണക്കാർക്ക് താങ്ങാനാവില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിദ്യാലയങ്ങളിലെ പ്രതിഭകൾക്ക് 100% സ്കോളർഷിപ്പ് ഉറപ്പാക്കാൻ സർവകലാശാലകളുമായി കരാറുണ്ടാക്കുമോ; വിശദമാക്കുമോ?

## പുതിയതായി ആരംഭിച്ച സ്കൂളുകൾ

3072 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങൾ തിരിച്ച് ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ ഏതെങ്കിലും സർക്കാർ സ്കൂളുകൾ പൂട്ടി പോയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## സർവ്വീസിലുള്ള അധ്യാപരുടെ കെ-ടെറ്റ് പരീക്ഷ

3073 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപകർക്ക് സുപ്രീംകോടതിയുടെ വിധിമൂലം കെ-ടെറ്റ് നിർബന്ധമാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് സർവ്വീസിലുള്ള അധ്യാപകർക്ക് കെ- ടെറ്റ് യോഗ്യത നേടുന്നതിന് പ്രത്യേക പരീക്ഷ എന്നാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരീക്ഷ എഴുതുന്നതിന് എയ്ഡഡ് സ്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും നിയമനാംഗീകാരത്തിന് കാത്തുനിൽക്കുന്നതുമായ അധ്യാപകരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പാഠ്യപദ്ധതി ചട്ടക്കൂട് നവീകരണം

3074 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി ചട്ടക്കൂട് നവീകരിക്കുന്നതിന് എന്തെല്ലാം ഒരുക്കങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിൽ സ്വീകരിച്ച സമീപനം എന്താണെന്ന് വിശദമാക്കാമോ;

(സി) പാഠപുസ്തകങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സമയബന്ധിതമായി കുട്ടികളിൽ എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(ഡി) മൂല്യനിർണ്ണയത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന തുടർ മൂല്യനിർണ്ണയം എന്ന ആശയം എങ്ങനെയാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തിയ വിദ്യാലയ നിർമ്മാണ പ്രവൃത്തികൾ**

3075 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ധനകാര്യാനുമതി നൽകിയിട്ടുള്ള വിദ്യാലയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

**ചവറ ബി.ആർ.സി മോഡൽ ബിൽഡിംഗ് നിർമ്മാണം**

3076 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ബി.ആർ.സി. മുഖേന എസ്.എസ്.കെ. നിർമ്മിക്കുന്ന ബി.ആർ.സി മോഡൽ ബിൽഡിംഗിന്റെ നിർമ്മാണത്തിന് മുൻപായി തെങ്ങുകൾ മുറിച്ചുമാറ്റുക, വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുക എന്നീ പ്രവർത്തനങ്ങൾ വൈകിപ്പിക്കുന്നതെന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വൈകുന്നതിനുള്ള തടസ്സം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം**

3077 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പൊതുവിദ്യാലയങ്ങളിൽ ലിഫ്റ്റ്, എ.സി. സൗകര്യങ്ങൾ ഉണ്ടെന്നും; അത്തരം സൗകര്യങ്ങളുള്ള പൊതുവിദ്യാലയങ്ങൾ ഏതൊക്കെയെന്നും അറിയിക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ എത്ര സ്മാർട്ട് ക്ലാസ് മുറികളുണ്ടെന്നും അവയിൽ എത്രയെണ്ണം ശീതീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ 5 വർഷക്കാലം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പൊതുവിദ്യാലയങ്ങളുടെ ആധുനികവൽക്കരണം**

3078 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബി സഹായത്തോടെ 5 കോടി, 3 കോടി, 1 കോടി ക്രമത്തിൽ തുക അനുവദിച്ച സ്കൂൾ കെട്ടിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചവയുടെ വിവരങ്ങൾ അറിയിക്കാമോ; ഇതിൽ പണി നടന്നുകൊണ്ടിരിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) കെട്ടിടങ്ങളുടെ എണ്ണം കൂട്ടുന്നതിലുപരി സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിൽ വിദ്യാലയങ്ങൾ ആധുനികവൽക്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പഠനത്തോടൊപ്പം ശാരീരികവും മാനസികവുമായ വികസനത്തിന് ഉതകുംവിധം സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ</u>

3079 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021- 26 കാലയളവിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളുടെയും പദ്ധതികളുടെയും പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## <u>വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കിച്ചൺ കം സ്റ്റോർ പദ്ധതി</u>

3080 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിച്ചൺ കം സ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഏതൊക്കെ സ്കൂളുകൾ നിലവിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>മങ്കട മണ്ഡലത്തിലെ സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ</u>

3081 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടന്നുവരുന്നത്; പദ്ധതികൾ തിരിച്ച് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെ ഓരോ പ്രവൃത്തിയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിർമ്മാണ ഏജൻസികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ; പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സ്കൂളുകൾ ഏതെല്ലാം; എന്തെല്ലാം തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് അടിയന്തരമായി ലഭ്യമാക്കേണ്ടത്; ഓരോന്നിനും പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തുകയെത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത നേരിടുന്ന എല്ലാ സ്കൂളുകൾക്കും ആയത് പരിഹരിക്കാനായി അടിയന്തരമായി ഫണ്ട് അനുവദിക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ വർണ്ണക്കൂടാരം, ഡിജിറ്റൽ ക്ലാസ് റൂം, കെട്ടിട നിർമ്മാണം

3082 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അനുമതി ലഭിച്ചതും നിർമ്മാണം പൂർത്തിയായതുമായ പ്രവൃത്തികളുടെ വിശദാംശം തുക ഉൾപ്പെടെ സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ വർണ്ണക്കൂടാരം, ഡിജിറ്റൽ ക്ലാസ് റൂം (സ്മാർട്ട്), കെട്ടിട നിർമ്മാണം എന്നീ ഇനങ്ങളിൽ ഓരോ സ്കൂളിനും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും തരംതിരിച്ച് വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

3083 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകിയതിലെ കുടിശ്ശിക

3084 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് കുടിശ്ശിക നല്കാനുണ്ടോ; എങ്കിൽ മൊത്തം എത്ര കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളുകൾക്ക് നൽകാനുള്ള കുടിശ്ശിക ഓരോ അദ്ധ്യയന വർഷത്തിലും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ വർദ്ധിച്ച് വരുന്ന കുടിശ്ശിക ഉച്ചഭക്ഷണ പദ്ധതിയുടെ അന്ത്യം കുറിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഫണ്ടിലേക്ക് ഇതിനാവശ്യമായ തുക അനുവദിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുമോ?

## കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളിൽ ഡിജിറ്റൽ, സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം

3085 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഡിജിറ്റൽ, സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിക്കുന്നതിന് ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സ്കൂളുകളിൽ എത്ര ക്ലാസ്റൂം, എന്തൊക്കെ ഉപകരണങ്ങളും സംവിധാനങ്ങളും ഒരുക്കി എന്നിവ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ തുടർപരിപാലനം എങ്ങനെ സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ

3086 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കടുത്തുരുത്തി മണ്ഡലത്തിലെ എത്ര വിദ്യാലയങ്ങൾക്കാണ് ചലഞ്ച് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിലെ എത്ര വിദ്യാലയങ്ങൾക്കാണ് ചലഞ്ച് ഫണ്ട് ലഭ്യമാക്കാത്തത്; കാരണം വ്യക്തമാക്കാമോ; പ്രസ്തുത വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) കടുത്തുരുത്തി മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

3087 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ,സ്കൂൾ കെട്ടിട നിർമ്മാണങ്ങൾ എന്നിവ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ എന്നിങ്ങനെ തരംതിരിച്ച് തുക ഉൾപ്പെടെ രേഖപ്പെടുത്തി വിശദമായ മറുപടി നൽകാമോ;

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പ്രസ്തുത മണ്ഡലത്തിൽ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ എന്നിങ്ങനെ വിശദമായ മറുപടി നൽകാമോ?

## പരീക്ഷാ സമ്പ്രദായത്തിൽ സമഗ്രമാറ്റം

3088 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠന രീതികളിലും പാഠപുസ്തകങ്ങളിലും വന്ന മാറ്റം പരിഗണിച്ച് പഠനത്തെ വിലയിരുത്തുന്ന രീതിയിലും മാറ്റം വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) പരീക്ഷയെയും പഠനത്തെയും ഭയരഹിതമായി സമീപിക്കുന്നതിന് ഓരോ വിദ്യാർത്ഥിയേയും സഹായിക്കുന്ന തരത്തിലുള്ള മാറ്റം കൊണ്ടുവരുന്നതിന് ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പരീക്ഷാസമ്പ്രദായത്തിനൊപ്പം ചോദ്യങ്ങളുടെ സ്വഭാവവും കാലാനുസൃത പരിഷ്കരണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) മാറി വരുന്ന കാലഘട്ടത്തിൽ വിവിധ മത്സരപരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിനുള്ള പ്രാരംഭ പരിശീലനം എന്ന നിലയിലേക്ക് ക്ലാസ് പരീക്ഷകളെ പരിവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

## സർക്കാർ പ്രൈമറി സ്കൂളുകളിലെ എസ്. എം. സി. യുടെ പ്രവർത്തനം

3089 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുള്ള സർക്കാർ പ്രൈമറി സ്കൂളുകളിൽ എസ്.എം. സി. യോഗങ്ങൾ പി. ടി. എ. യോടൊപ്പം സംയുക്തമായി മാത്രമാണോ ചേരേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) എസ്. എം. സി. യിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക് എസ്. എം. സി. ചെയർമാൻ ആകുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥിയുടെ മാതാപിതാക്കൾ രക്ഷിതാവ് ആയിട്ട് ഉണ്ടാവുമ്പോൾ ലോക്കൽ ഗാർഡിയൻ/ഗാർഡിയൻ എന്ന അധികാരം ഉപയോഗിച്ച് എസ്. എം. സി. ഭാരവാഹിയാകുന്നത് സാധ്യമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂളിൽ പി. ടി. എ. യുടെ പ്രവർത്തനങ്ങൾ മാത്രം നടത്തുകയും എസ്. എം. സി. നിർജീവമാക്കി നിലനിർത്തുകയും ചെയ്യുകയാണെങ്കിൽ അത്തരം സ്കൂളുകൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) എസ്. എം. സി. ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ടെങ്കിൽ സ്കൂൾ മേലധികാരിക്ക് മേൽ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(എഫ്) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20.06.2012 -ലെ എച്ച് 1/38613/12/ഡി. പി. ഐ. സർക്കുലർ പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസികൾ നൽകുന്ന ധനസഹായത്തിന്റെ വിനിയോഗത്തിന് മേൽനോട്ടം വഹിക്കുക, സ്കൂളിന് ലഭിക്കുന്ന തുക സംബന്ധിച്ച് വരവ് ചെലവ് കണക്കുകളുടെ അക്കൗണ്ട് തയ്യാറാക്കുക, കമ്മിറ്റി ചെയർമാന്റെയും കൺവീനറുടെയും ജോയിന്റ് അക്കൗണ്ട് വർഷാവർഷം ഓഡിറ്റ് ചെയ്ത് അവതരിപ്പിക്കുക എന്നുള്ള നിർദേശങ്ങൾ ഉൾപ്പെടുന്ന സാഹചര്യത്തിൽ 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം നമ്പർ 5003 ന്റെ ഉത്തരം പ്രകാരം എസ്. എം. സി കൾ ധനം കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടില്ല എന്ന് ബഹു.മന്ത്രി നൽകിയിട്ടുള്ള ഉത്തരത്തിൽ വ്യക്തത നൽകാമോ;

(ജി) സർക്കാർ സ്കൂളുകളിൽ പി. ടി. എയുടെയും എസ്.എം.സി യുടെയും ഉത്തരവാദിത്തങ്ങൾ പ്രത്യേകം നിർവചിച്ച് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഉള്ളിയേരി ജി.എൽ.പി.സ്കൂൾ ഭൂമി ഏറ്റെടുക്കൽ

3090 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷം പഴക്കമുള്ള ഉള്ളിയേരി ജി.എൽ.പി.സ്കൂൾ നിലവിൽ പ്രവർത്തിച്ച് വരുന്ന ഭൂമി നിലവിലെ കരാർ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഏറ്റെടുക്കാൻ സാധ്യമാവും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം അടിയന്തരമായി പുതുക്കിപ്പണിയേണ്ടതു കൊണ്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ അടിയന്തര തീരുമാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉള്ളിയേരി ജി.എൽ.പി.സ്കൂളിന്റെ ഭൂമി ഏറ്റെടുക്കേണ്ടതാണെങ്കിൽ അടിയന്തരമായി ഇത് സംബന്ധിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

3091 **ശ്രീ. റോജി എം. ജോൺ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ ഗൗരവത്തോടെ പരിഗണിയ്ക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രീ-പ്രൈമറി കുട്ടികളുടെ അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിനും രക്ഷിതാക്കൾക്ക് ഇത് സംബന്ധിച്ച് ശരിയായ ബോധവത്കരണം നൽകുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ശിശുസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>എച്ച്. എസ്. ടി. ഇംഗ്ലീഷ് അധ്യാപകരുടെ സ്ഥിരം നിയമനം</u>

3092 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്കൂളുകളിലും ഇംഗ്ലീഷിനെ ഭാഷയായി പരിഗണിച്ച് അദ്ധ്യാപകരെ നിയമിക്കണമെന്ന ഉത്തരവ് നിലനിൽക്കെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എച്ച്. എസ്. ടി. ഇംഗ്ലീഷ് അദ്ധ്യാപകരുടെ സ്ഥിരം നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) 2024-25, 2025-26 അദ്ധ്യയന വർഷങ്ങളിൽ ഇംഗ്ലീഷിനെ ഭാഷ അടിസ്ഥാനത്തിലും കോർ അടിസ്ഥാനത്തിലും തസ്തികനിർണ്ണയം നടത്തിയപ്പോൾ തസ്തികനഷ്ടം വരുന്നതിനാൽ മേല്പറഞ്ഞ ഉത്തരവ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് അവകാശപ്പെട്ട തസ്തികകൾ സൃഷ്ടിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിയ്ക്കുമോ?

## <u>ഹയർ സെക്കണ്ടറിയിൽ താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തൽ</u>

3093 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2021 ൽ അനുവദിച്ച അധിക ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചതാണെങ്കിലും തുടർച്ചയായി 5 അധ്യയന വർഷവും 50-ലേറെ വിദ്യാർത്ഥികൾ പ്രവേശനം നേടിയതിനാൽ ഇത്തരത്തിലുള്ള 76 ബാച്ചുകൾ സ്ഥിരപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികളുടെ എണ്ണക്കുറവ് മൂലം 2023-24 അധ്യയന വർഷം അധികമെന്ന് കണ്ടെത്തിയ 420 തസ്തികകൾ പുനർ വിന്യസിക്കുമ്പോൾ സ്ഥിരമായി 50 കുട്ടികളിൽ കൂടുതൽ അഡ്മിഷൻ നേടുന്ന താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് കൂടി പരിഗണിക്കുമോ?

## നാദാപുരം മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

3094 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് നാദാപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം. എൽ. എ. ആസ്തി വികസനം തുടങ്ങിയവയിലൂടെ നടത്തിയ കെട്ടിടം നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിവരവും പ്രവർത്തന പുരോഗതിയും വിലയിരുത്താമോ?

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡിജിറ്റൽ പഠന സൗകര്യങ്ങളും ഐ.ടി. അടിസ്ഥാന വികസനവും

3095 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ആരംഭിച്ച ഡിജിറ്റൽ ക്ലാസുകൾ എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സ് മുറികളിലും കമ്പ്യൂട്ടർ ലാബുകളിലുമായി സജ്ജീകരിച്ച ഐ.ടി. ഉപകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ സ്കൂളുകളിൽ റോബോട്ടിക് ലാബുകൾ ഒരുക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

3096 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മുഴുവൻ പദ്ധതികളുടെയും പുരോഗതിയും അനുവദിച്ച തുകയും തരം തിരിച്ച് വിശദമാക്കുമോ;

(ബി) പൂർത്തിയാകാത്ത പദ്ധതികളുടെ തടസ്സങ്ങൾ എന്താണെന്നും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കുമോ?

**ഏറനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

3097 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ പരിപാടിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളും പൂർത്തിയായ പ്രവൃത്തികളും ഏതെല്ലാമാണ് വ്യക്തമാക്കുമോ?

**നാദാപുരം മണ്ഡലത്തിലെ കുടൽ സ്കൂൾ കെട്ടിട നിർമ്മാണം**

3098 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുടൽ ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം വൈകുന്നതിന്റെ സാങ്കേതിക കാരണം വിശദമാക്കാമോ?

**കാട്ടാക്കട കുളത്തുമ്മൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കളിസ്ഥല**

3099 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കുളത്തുമ്മൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലത്തിനായി വസ്തു വാങ്ങുന്നതിന് (ജി.ഒ. (ആർ.ടി) നമ്പർ 4800/2025/ ജി.ഇ.ഡി.എൻ തീയതി 21/07/2025) അനുമതി ലഭിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഇതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത വസ്തു വാങ്ങൽ സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

**ദേവികുളം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

3100 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 സർക്കാർ കാലഘട്ടത്തിൽ ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ സ്കൂളുകൾക്കാണ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് തുക അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുകയും സ്കൂളിന്റെ പേരും അറിയിക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ

3101 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും നിലവിൽ നടന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് മുഖേനയുള്ള കെട്ടിടം പണി പൂർത്തീകരിച്ചിട്ടും സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന തുക അനുവദിച്ച് നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എൽ.പി. സ്കൂൾ ടീച്ചർ റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം

3102 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 മെയ് മാസത്തിൽ വിവിധ ജില്ലകളിലായി എൽ.പി.സ്കൂൾ ടീച്ചർ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് പട്ടികകൾ നിലവിൽ വന്ന് ഒൻപത് മാസം പിന്നിട്ടിട്ടും പല ജില്ലകളിലും ഒന്നാം റാങ്കുകാർക്ക് പോലും നിയമനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഒന്നാം റാങ്കുകാർക്ക് പോലും നിയമനം ലഭിക്കാത്ത സാഹചര്യമുള്ളത്; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള എൽ. പി. എസ്. ടി. റാങ്ക് പട്ടികകളിൽ നിന്നും ആകെ എത്ര പേർക്കുവീതമാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) നിയമന നടപടികൾ ഇത്രയധികം വൈകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിരമിക്കൽ ഒഴിവുകളും പുതിയ തസ്തികകളും യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ഒഴിവുകളും പുതിയ തസ്തികകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സ്കൂളുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം പുനർനിർണ്ണയിച്ച് കൂടുതൽ ഒഴിവുകൾ സൃഷ്ടിക്കുന്നതിനും ഡിവിഷൻ ഫോൾ മൂലം അധികമായ അധ്യാപകരെ പുനർവിന്യസിച്ച് നിയമന നടപടികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## യു.പി.സ്കൂൾ അധ്യാപകരുടെ പ്രൊബേഷൻ

3103 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഡിസംബർ 31-ന് മുമ്പ് സെറ്റ് യോഗ്യതയിൽ സർവ്വീസിൽ പ്രവേശിച്ച യു.പി. സ്കൂൾ അധ്യാപകർക്ക് നിലവിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

**ചോദ്യപേപ്പർ സുരക്ഷാ ജീവനക്കാരുടെ ഡി എ**

3104 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ്സ് IV ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച എസ്.സി.ഇ.ആർ.റ്റി. ഡയറക്ടറുടെ 20/02/2025 തീയതിയിലെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പർ സൂക്ഷിക്കുന്ന ജോലിയിൽ ഏർപ്പെടുന്ന ജീവനക്കാരന് ഒരു ഡി.എ. അനുവദിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും പത്താംതരം തുല്യതപോലുള്ള പൊതുപരീക്ഷയുടെ ചോദ്യപേപ്പർ കാവലിനായി ചുമതലപ്പെടുത്തുന്ന ജീവനക്കാരന് പ്രതിദിനം 75 രൂപ നിരക്കിലാണ് വേതനം അനുവദിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പത്താംതരം തുല്യത പോലുള്ള പരീക്ഷകളുടെ ചോദ്യപേപ്പർ സുരക്ഷയ്ക്കായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഒരു ഡി.എ. അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

**സർവ്വീസിലുള്ള അദ്ധ്യാപകർക്ക് കെ -ടെറ്റ് പരീക്ഷ**

3105 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവീസിലുള്ളതും കെ - ടെറ്റ് യോഗ്യത ഇല്ലാത്തവരുമായ അദ്ധ്യാപകർക്ക് പ്രത്യേകമായി കെ - ടെറ്റ് പരീക്ഷ നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് മാത്രമായി എപ്പോൾ പരീക്ഷ നടത്തുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരീക്ഷയുടെ സിലബസ്, മറ്റ് വിശദാംശം എന്നിവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

**ഡയറ്റ് ലക്ചർ നിയമനം**

3106 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡയറ്റ് ലക്ചറർ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം എത്ര പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളതെന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത വിഷയങ്ങളിൽ എത്ര സീനിയർ ലക്ചറർ തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി അർഹരായ എത്ര ജീവനക്കാരാണുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥാനക്കയറ്റം നൽകുന്നതിന് അർഹരായ ജീവനക്കാർ ഇല്ലെങ്കിൽ അത്തരം തസ്തികകൾ റിവർട്ട് ചെയ്ത് എൻട്രി കേഡറിലേക്ക് മാറ്റി

പി.എസ്.സി. ലിസ്റ്റ് മുഖേന നിയമനം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## നോഷണലായി നിയമനാംഗീകാരം നേടിയ അധ്യാപകർ

3107 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 06.02.2021 ലെ സ.ഉ (അച്ചടി) നം. 4/2021 പൊ.വി.വ പ്രകാരം ആകെ എത്ര അധ്യാപകരാണ് നോഷണലായി നിയമനാംഗീകാരം നേടിയത്;

(ബി) ഇപ്രകാരം നോഷണലായി നിയമനാംഗീകാരം നേടിയ അധ്യാപകരുടെ പേരും അവർ ജോലി ചെയ്തു വരുന്ന വിദ്യാലയങ്ങളുടെ പേരും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇപ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർ ശമ്പളം വാങ്ങി തുടങ്ങിയ ദിവസം വരെയുള്ള കാലദൈർഘ്യം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) മേൽ ഉത്തരവ് പ്രകാരം അധ്യാപകരെ നോഷണലായി നിയമിച്ചപ്പോൾ സർക്കാരിനുണ്ടായ ഉണ്ടായ സാമ്പത്തിക ലാഭം എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) ഇപ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർക്ക് ശമ്പളം നൽകുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) 06.02.2021 ലെ സ.ഉ (അച്ചടി)4/2021 പൊ.വി.വ പ്രകാരം നോഷണലായി നിയമിക്കപ്പെട്ട അധ്യാപകരിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ ശമ്പളം വാങ്ങിയിട്ടുള്ള അധ്യാപകരുടെ വിവരം ലഭ്യമാക്കാമോ?

## അധ്യാപക യോഗ്യത പരീക്ഷകൾ

3108 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അധ്യാപക യോഗ്യത പരീക്ഷകളായ കെ-ടെറ്റ് 1, കെ-ടെറ്റ് 2, കെ-ടെറ്റ് 3, സെറ്റ് എന്നീ പരീക്ഷകളുടെ സിലബസ് പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) കെ-ടെറ്റ് 3, സെറ്റ് എന്നീ അധ്യാപക യോഗ്യതാ പരീക്ഷകളുടെ സിലബസുകൾ തമ്മിൽ കാര്യമായ വ്യത്യാസങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) കെ-ടെറ്റ് 3, സെറ്റ് എന്നീ അദ്ധ്യാപക യോഗ്യത പരീക്ഷകൾ തമ്മിലുള്ള സാമ്യങ്ങളും, വ്യത്യാസങ്ങളും ഇനം തിരിച്ച് വിശദമാക്കാമോ?

## പത്തനംതിട്ട ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ നിയമനം

3109 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം - കാറ്റഗറി നമ്പർ 707/2023) തസ്തികയിലേക്ക് പി. എസ്. സി പുറപ്പെടുവിച്ച റാങ്ക് ലിസ്റ്റിൽ ആകെ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും നിലവിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഭിന്നശേഷി വിഭാഗത്തിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്, ഇതിൽ നിലവിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ യു. പി. സ്കൂൾ ടീച്ചർ തസ്തികയിൽ ഭിന്നശേഷി വിഭാഗത്തിനായി നീക്കിവെച്ചിട്ടുള്ള എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഭിന്നശേഷി വിഭാഗത്തിലെ ബാക്ക് ലോഗ് ഒഴിവുകൾ ഉൾപ്പെടെയുള്ളവയിലേക്ക് നിയമന ശിപാർശ അയക്കുന്നതിന് പി. എസ്. സി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അവധി മാനദണ്ഡങ്ങൾ

3110 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ ടീച്ചിങ്, നോൺ ടീച്ചിങ് സ്റ്റാഫുകൾക്ക് പ്രാബല്യത്തിലുള്ള എല്ലാ ലീവുകളും അവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും (ആകസ്മിക അവധി, ആർജ്ജിതാവധി, മെഡിക്കൽ, മാതൃത്വ/പിതൃത്വ അവധി, സ്പെഷ്യൽ ലീവ് മുതലായവ) വിശദമാക്കാമോ;

(ബി) ലീവ് അനുവദിക്കുന്നതിന് ആർക്കാണ് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ മുതലായവർ) നിയമപരമായ അധികാരം നൽകിയിരിക്കുന്നതെന്നും അവരുടെ അധികാരപരിധിയും വ്യക്തമാക്കാമോ;

(സി) അവധി അനുവദിക്കുന്ന വിഷയത്തിൽ മാനേജർമാരുടെ അധികാരങ്ങൾ എന്തെല്ലാം; വിശദാംശം നൽകാമോ; ലീവ് അനുവദിക്കുന്നതിൽ മാനേജർ/പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ എന്നിവർക്ക് ഉള്ള വിവേചനാധികാരം സംബന്ധിച്ച ഔദ്യോഗിക നിയമം/ഗൈഡ്‌ലൈൻ പകർപ്പ് നൽകാമോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ പ്രധാന അധ്യാപകർ കാഷ്വൽ ലീവ് എടുക്കുമ്പോൾ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; വിഷയം സ്കൂൾ മാനേജർമാരെ അറിയിക്കേണ്ടതുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും ഗൈഡ്‌ലൈനുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) ലീവ് നിഷേധിക്കാവുന്ന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും ഗൈഡ്‌ലൈനുകളുടെയും പകർപ്പുകൾ എന്നിവയും ലഭ്യമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിലെ അധ്യാപക തസ്തികകൾ സംരക്ഷിക്കാൻ നടപടി

3111 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 മുതൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് 9 വർഷത്തോളം സേവനമനുഷ്ഠിച്ചതിനുശേഷവും കുട്ടികളുടെ കുറവ് മൂലം ജോലി നഷ്ടപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക തസ്തികകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ദീർഘകാലം സേവനമനുഷ്ഠിച്ചതിനുശേഷം ജോലി നഷ്ടപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ജോലി സംരക്ഷണം

3112 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു വർഷം വരെ നിയമനം നേടിയ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിലവിൽ ജോലി സംരക്ഷണം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2021 മുതൽ 2026 വരെ അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന വിവരം അധ്യയനവർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകളിൽ 2021 മുതൽ 2026 വരെ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം ജില്ലതിരിച്ച്, അധ്യയന വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് ലഭ്യമായിട്ടുള്ള എച്ച്.എസ്.ടി. തസ്തികകളുടെ എണ്ണം വിഷയം തിരിച്ച്, ജില്ല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത തസ്തികകളിൽ 2021 മുതൽ 2026 വരെ നിയമിക്കപ്പെട്ട സംരക്ഷിത അധ്യാപകരുടെ എണ്ണം ജില്ലതിരിച്ച്, അധ്യയന വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഇ) സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടായിരുന്ന തസ്തികകളിൽ 2021 മുതൽ 2026 വരെ സംരക്ഷിത അധ്യാപകരെ നിയമിച്ചതിനുശേഷം ഒഴിഞ്ഞുകിടന്ന തസ്തികകൾ ഏതെല്ലാമാണെന്നും അവയുടെ എണ്ണം എത്രയായിരുന്നുവെന്നും ജില്ലതിരിച്ച്, അധ്യയന വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനം

3113 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ നിയമനം പൂർത്തിയാക്കാത്തതിനാൽ മറ്റ് അധ്യാപകർക്ക് സ്ഥിരനിയമനം ലഭിക്കാത്തതിനെ തുടർന്ന് എയ്ഡഡ് മേഖലയിലെ അധ്യാപകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഭിന്നശേഷി നിയമനം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) എയ്ഡഡ് സ്കൂൾ മാനേജർമാർ അധ്യാപക നിയമനത്തിനായി ഏതെങ്കിലും തരത്തിലുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തിയാൽ ആ റാങ്ക് ലിസ്റ്റ് പ്രകാരം നിയമനം ലഭിച്ച വ്യക്തിക്ക് സർവ്വീസ് സീനിയോരിറ്റി ലഭിക്കുമോ; കെ.ഇ.ആർ. പ്രകാരം സ്കൂൾ മാനേജർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് എന്തെങ്കിലും നിയമപ്രാബല്യം ഉണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ ഏതെങ്കിലും സിംഗിൾ മാനേജ്മെന്റുകളോ കോർപ്പറേറ്റ് മാനേജ്മെന്റുകളോ ഉദ്യോഗാർത്ഥികളുടെ നിയമനത്തിനായി പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്നുണ്ടോ; എങ്കിൽ ഇത്തരം റാങ്ക് ലിസ്റ്റുകൾ ഏതെങ്കിലും തരത്തിലുള്ള സംവരണക്രമം പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് മേഖലയിൽ നിയമിക്കപ്പെടുന്ന അധ്യാപകരിൽ ഒരു മാനേജർ ഒരേ ദിവസം നിയമന ശിപാർശ നൽകുന്ന രണ്ട് ഉദ്യോഗാർത്ഥികൾക്ക് അവർ നിയമിക്കപ്പെടുന്ന ഒഴിവുകളുടെ സ്വഭാവം അനുസരിച്ച് നിയമനാംഗീകാരം വ്യത്യസ്ത ദിവസങ്ങളിലായിട്ടാണ് വിദ്യാഭ്യാസ ഓഫീസർ അനുവദിക്കുന്നതെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളുടെ സർവ്വീസ് സീനിയോരിറ്റി ഏത് തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം അനുവദിയ്ക്കാൻ നടപടി

3114 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ത് വർഷമായി ശമ്പളം ഇല്ലാതെ ജോലി ചെയ്തുവരുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കുടിശ്ശിക ഉൾപ്പടെ ശമ്പളം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശാദാംശം ലഭ്യമാക്കുമോ; ഇത്തരത്തിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്തു വരുന്നുണ്ടെന്നും അവർക്ക് ശമ്പളം അനുവദിക്കാത്തതിന്റെ കാരണവും അറിയിക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ അദാലത്ത് നടത്തിയിട്ടുണ്ടോ; എത്ര ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ടെന്നും എത്ര ഫയലുകളിന്മേൽ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## ജങ്ക് ഫുഡ്കളോടുള്ള വിദ്യാർത്ഥികളുടെ ആസക്തി തടയാൻ നടപടി

3115 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ വർധിച്ചുവരുന്ന ജങ്ക് ഫുഡുകളോടുള്ള ആസക്തിക്കെതിരായി വിദ്യാലയങ്ങളിലും കാലാലയങ്ങളിലും ഫലപ്രദമായ ബോധവത്കരണ നടപടികളും സോഷ്യൽ ക്യാമ്പയിനുകളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>എസ്. എസ്. എൽ. സി. വിജയശതമാനം</u>

3116 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എസ്.എസ്.എൽ.സി യുടെ വിജയ ശതമാനത്തിൽ ഉണ്ടായ മാറ്റമെന്താണെന്ന് വിശദമാക്കാമോ;

(ബി) എസ്. എസ്. എൽ. സി യ്ക്ക് ഉയർന്ന വിജയശതമാനം നിലനിർത്തുന്നതിനോടൊപ്പം പഠന നിലവാരം ഉറപ്പാക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) തുടർച്ചയായി കുറഞ്ഞ വിജയം രേഖപ്പെടുത്തുന്ന സ്കൂളുകൾക്കായി പ്രത്യേക അക്കാദമിക് ഇടപെടൽ (സ്പെഷ്യൽ അക്കാഡമിക് ഇൻ്ററർവൻഷൻ) പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ?

## <u>കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങളെ ഹൈടെക് ആക്കുവാൻ നടപടി</u>

3117 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിനായി ഓരോ സ്കൂളുകൾക്കും അനുവദിച്ച ഉപകരണങ്ങൾ, അവയുടെ എണ്ണം, ഓരോ സ്കൂളിനും അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായവും അടിസ്ഥാന സൗകര്യവികസനവും</u>

3118 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കിയതിനുശേഷം ഷിഫ്റ്റ് സമ്പ്രദായത്തിൽ നിന്നും മാറിയ സ്കൂളുകൾ ഏതെല്ലാമാണെന്നും ഈ യജ്ഞം ആരംഭിച്ചതിനുശേഷവും ഷിഫ്റ്റ് സമ്പ്രദായം തുടരേണ്ടിവന്നത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് നിലവാരത്തിൽ ആക്കി എന്ന് അവകാശപ്പെടുമ്പോഴും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന ധാരാളം സ്കൂളുകൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## സംസ്ഥാനത്ത് എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം

3119 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കോളർഷിപ്പുകൾ അനുവദിച്ചു നൽകുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും കാലതാമസം കൂടാതെ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അതത് അദ്ധ്യയന വർഷം തന്നെ സ്കോളർഷിപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ രംഗത്തെ വികസന പ്രവർത്തനങ്ങൾ

3120 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ 10 വർഷത്തിനിടെ പൂർത്തീകരിച്ച അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഹയർ സെക്കൻഡറി തലങ്ങളിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പ്രവേശിച്ച വിദ്യാർത്ഥികളുടെ ശതമാനം ഉയരുകയാണോ കുറയുകയാണോ ചെയ്തതെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയുള്ള സ്റ്റാർട്ടപ്പ്-ഇന്നവേഷൻ ക്ലബ്ബുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

## 2025-26 നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ

3121 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യായന വർഷത്തിൽ സംസ്ഥാനത്തിൽ നിന്നും എൻ.എം.എം.എസ് പരീക്ഷയ്ക്ക് വേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചത് എന്ന് ജില്ല തിരിച്ചുള്ള

കണക്ക് ലഭ്യമാക്കുമോ;

(ബി) 2025-26 അധ്യായന വർഷത്തിൽ സംസ്ഥാനത്തിൽ നിന്നും എൻ .എം. എം. എസ് പരീക്ഷയ്ക്ക് വേണ്ടി അപേക്ഷിച്ചവരിൽ എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2025-26 അധ്യായന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ. എം. എം. എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 25 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) 2025-26 അധ്യായന വർഷത്തിൽ എൻ.എം.എം.എസ് പരീക്ഷയ്ക്ക് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികൾ അപേക്ഷിച്ച ആദ്യ 20 സ്കൂളുകളുടെ ലിസ്റ്റും ലഭ്യമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ കില മുഖേനയുള്ള കെട്ടിടനിർമ്മാണം

3122 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ കില മുഖേന കെട്ടിടനിർമ്മാണം നടപ്പിലാക്കുന്നുവെന്നും അവയുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ?

## വിദ്യാർത്ഥികളിൽ വായന പരിപോഷിപ്പിക്കുന്നതിന് നടപടി

3123 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വായനാവസന്തം എന്ന രീതിയിൽ കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

## സയൻസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി

3124 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കിടയിൽ ശാസ്ത്രബോധം വളർത്തുന്നതിനും പ്രായോഗിക രീതിയിൽ ശാസ്ത്രതത്വങ്ങൾ സ്വായത്തമാക്കുന്നതിനും ശാസ്ത്ര പരീക്ഷണങ്ങൾ, ശാസ്ത്ര കോൺഗ്രസ്സ് എന്നിവ സംഘടിപ്പിക്കുന്നതിനും വേണ്ടി ബ്ലോക്ക് തലത്തിൽ സയൻസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ?

## പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവുകൾ

3125 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവുകൾ സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് എൽ. പി., യു. പി., എച്ച്. എസ്.,

എച്ച്. എസ്. എസ്. എന്നീ വിഭാഗങ്ങളിലായി ലഭ്യമാക്കുമോ;

(ബി) 2016 ജൂൺ മാസം മുതലുള്ള കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽ ഒഴിവ് വന്ന തസ്തികകളിൽ പി. എസ്. സി. മുഖേന നിയമിതരായ അദ്ധ്യാപകരുടെയും എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകരുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2016 മുതൽ എയ്ഡഡ് വിദ്യാലങ്ങളിൽ നിയമിതരാവുകയും നിയമനാംഗീകാരം നൽകുകയും ചെയ്ത എത്ര അദ്ധ്യാപകർക്കാണ് ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചതെന്ന് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## എറണാകുളം ജില്ല യു.പി.എസ്.ടി. (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3126 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 707/2023 ആയി പ്രസിദ്ധീകരിച്ച യു.പി.എസ്.ടി. (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിലേക്ക് എറണാകുളം ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ നിന്ന് നാളിതുവരെ എറണാകുളം ജില്ലയിൽ എത്രപേരെ നിയമിച്ചു എന്നറിയിക്കുമോ; ഇതിൽ പഴയ റാങ്ക് ലിസ്റ്റിൽ ആളില്ലാതെ നീക്കിവച്ച ഡി.എ. ഒഴിവുകൾ എത്ര എണ്ണം നികത്തിയിട്ടുണ്ട്; ഇതല്ലാതെ ഏതെങ്കിലും നിയമനം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ഡിവിഷൻ ഫാൾ നേരിടുന്ന ഗവ. യു.പി. സ്കൂളുകളിലെ അദ്ധ്യാപകർ എത്ര പേരുണ്ടെന്ന് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എണ്ണം അറിയിക്കുമോ; ഇപ്രകാരം ഡിവഷൻ ഫാൾ നേരിടുന്ന ഗവ. യു.പി. സ്കൂളുകളിലെ ഡിപ്ലോയിഡ് അദ്ധ്യാപകരെ ബി.ആർ.സി. യിലേക്കോ എച്ച്.റ്റി.വി. പോസ്റ്റുകളിലോ പുനർവിന്യസിപ്പിക്കുന്നതിന് സാധിക്കുമോ; ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സ്കൂളിൽ കുട്ടികളുടെ അഡ്മിഷൻ സമയത്ത് ആധാറിന് പകരം ജനന സർട്ടിഫിക്കറ്റ് വാലിഡ് ആക്കുന്നത് പ്രായോഗികമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## കരാർ/ദിവസ വേതന അടിസ്ഥാനത്തിലെ താത്കാലിക നിയമനങ്ങൾ

3127 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള താത്കാലിക നിയമനങ്ങളുടെ എണ്ണം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയത്; മറ്റു നിയമനങ്ങൾ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കിയതെന്ന്

വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## സി ടെറ്റ് - 2 പരീക്ഷ

3128 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി ടെറ്റ്-2 യോഗ്യത നേടിയ അധ്യാപകരെ ഏതെല്ലാം ക്ലാസുകളിൽ പഠിപ്പിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സി ടെറ്റ്-2 നേടിയ അദ്ധ്യാപകരെ ക്ലാസ്-8 ൽ പഠിപ്പിക്കുന്നതിനുള്ള യോഗ്യത ഉള്ളവരായി കണക്കാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം സഹിതം വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സി-ടെറ്റ് 1, സി-ടെറ്റ് 2, എന്നീ യോഗ്യതകൾ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ഏതെല്ലാം വിഭാഗങ്ങളിൽ പഠിപ്പിക്കുന്നതിനാണ് പരിഗണിക്കുന്നത്; ഓരോ യോഗ്യതയും ബാധകമായ ക്ലാസ്സുകളെക്കുറിച്ച് വിശദമാക്കാമോ?

## അദ്ധ്യാപക യോഗ്യത പരീക്ഷ

3129 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതിയുടെ അധ്യാപക യോഗ്യത പരീക്ഷയുമായി ബന്ധപ്പെട്ട വിധിയിൽ 9, 10 ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കെ-ടെറ്റ് യോഗ്യത നേടണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും ബഹു.സുപ്രീംകോടതിയുടെ കെ-ടെറ്റ് സംബന്ധിച്ച വിധി പ്രകാരവും 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ഏതെല്ലാം ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനാണ് അധ്യാപക യോഗ്യത പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്; പ്രസ്തുത ക്ലാസ്സുകൾ ഇനം തിരിച്ച് വിശദമാക്കാമോ?

## ഡയറ്റ് ലെ അന്യത്ര സേവന വ്യവസ്ഥകൾ

3130 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിലേക്കാണ് ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ സ്ഥാപനത്തിലും അന്യത്ര സേവന വ്യവസ്ഥ അനുവദിച്ചിരിക്കുന്ന കാലയളവ് എത്രയാണെന്നും വിശദമാക്കാമോ;

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ ഡയറ്റിൽ ജോലി ചെയ്തുവരുന്ന ചില അധ്യാപകർ കാലാവധി പൂർത്തീകരിച്ചിട്ടും പ്രസ്തുത സേവന വ്യവസ്ഥയിൽ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാരണം പി.എസ്.സി. തയ്യാറാക്കിയ ഡയറ്റ് ലക്ചറർ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം

നഷ്ടപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) ഡയറ്റിൽ ഒഴികെ മറ്റു സ്ഥാപനങ്ങളിൽ അന്യത്ര സേവനങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കാലാവധി പൂർത്തിയാകുമ്പോൾ അവരവരുടെ മാതൃസ്ഥാപനങ്ങളിലേക്ക് മാറ്റുന്ന രീതി ഡയറ്റിലും പിന്തുടരുന്നത് അഭികാമ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## എറണാകുളം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകളും പി.എസ്.സി. റിപ്പോർട്ടിംഗും

3131 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.യ്ക്ക് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ഒഴിവുകളിലും വേഗത്തിൽ നിയമനം നൽകാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിയമനം

3132 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് നിർവ്വഹണ ഉദ്യോഗസ്ഥ തസ്തികകളായ എ.എ.(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), എ.പി.എഫ്.ഒ (അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ), എ.ഒ (അക്കൗണ്ട്സ് ഓഫീസർ) എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## എച്ച്. എസ്. എസ്. ടി (ജൂനിയർ) മലയാളം തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ്

3133 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) മലയാളം തസ്തികയിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആറുമാസം കഴിഞ്ഞിട്ടും ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള ഒരാൾക്ക് മാത്രമേ നിയമനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽ 152 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടും ഒന്നാം റാങ്കുകാരന് പോലും നിയമനം ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ സർവീസ് റൂൾ പ്രകാരം 75% തസ്തികകൾ പി.എസ്.സി വഴിയും 25% തസ്തികമാറ്റം വഴിയും നികത്തണമെന്നിരിക്കെ നിലവിലുള്ള മുഴുവൻ ഒഴിവുകളും തസ്തികമാറ്റത്തിനായി മാറ്റിവെക്കുന്നു എന്ന പരാതിയിൽ വസ്തുതയുണ്ടോ; എങ്കിൽ ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മലബാർ മേഖലയിലടക്കം ഹയർ സെക്കണ്ടറിയിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടും മലയാളം വിഷയത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ഇ) റാങ്ക് പട്ടികയുടെ കാലാവധി തീരുന്നതിന് മുൻപായി അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**റിസോഴ്സ് അദ്ധ്യാപകരുടെ നിയമന രീതിയും സേവന വ്യവസ്ഥകളും**

3134 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളെ മറ്റുള്ളവർക്കൊപ്പം പഠിപ്പിച്ച് അവരുടെ സാമൂഹിക ശേഷികൾ വികസിപ്പിച്ചെടുത്ത് പൊതുസമൂഹത്തിന്റെ ഭാഗമാക്കിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇതിലേക്കായി സർക്കാർ നിയമിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ നിയമന രീതിയും സേവന വ്യവസ്ഥകളും വ്യക്തമാക്കുമോ; ഇവർക്ക് വേതനം കുടിശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പത്ത് വർഷത്തിലധികം ജോലി ചെയ്ത റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന കോടതി പരാമർശത്തെ തുടർന്ന് സർക്കാർ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**സാക്ഷരതാ മിഷൻ പ്രവർത്തനങ്ങൾ**

3135 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാ നിരക്കിലുണ്ടായ വർദ്ധനവ് സംസ്ഥാനത്തിന്റെ സാമൂഹ്യ വികസനത്തെയും ലിംഗ സമത്വത്തെയും എപ്രകാരമാണ് സ്വാധീനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ (ട്രാൻസ്ജെൻഡർ വ്യക്തികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയവർ) മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പങ്കിനെകുറിച്ച് വിവരിക്കാമോ;

(സി) ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സാക്ഷരതാ മിഷൻ

ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക കർമ്മ പദ്ധതികളെ കുറിച്ച് വ്യക്തമാക്കാമോ;

(ഡി) ഇ-മുറ്റം പോലുള്ള ഡിജിറ്റൽ സാക്ഷരതാ മിഷൻ പദ്ധതികൾ വഴി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## <u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പരസ്യങ്ങൾ</u>

3136 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

## <u>ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ നടപടി</u>

3137 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എസ്.ഐ. യുടെ പരിധിയിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തോട്ടം തൊഴിലാളികളുടെ ലയങ്ങൾ</u>

3138 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ ശോചനീയമായ അവസ്ഥയിലാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കിനൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

## തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

3139 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേഗത്തിൽ തൊഴിൽ ലഭിക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവജനങ്ങൾ വിദേശങ്ങളിലേക്ക് കുടിയേറുന്ന സാഹചര്യം നിരുത്സാഹപ്പെടുത്തുന്നതിനായി സമഗ്രപദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) എങ്കിൽ വിവിധ സ്കിൽ കോഴ്സുകളിൽ പഠിക്കുന്നവർക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അവസരം ലഭിക്കുമോ; വിശദീകരിക്കുമോ;

(ഡി) അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഭൗതികവും കായികവുമായ ശേഷിയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ

3140 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ

3141 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൊഴിൽ വകുപ്പിന് കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും സഹിതം ലഭ്യമാക്കാമോ?

## കരിയർ പോളിസി

3142 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിയർ പോളിസി നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് അറിയിക്കാമോ; ഇത് നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണ്; എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും; ഈ സർക്കാരിന്റെ കാലത്തു തന്നെ ഇത് നടപ്പാക്കുമോ; വിശദമാക്കാമോ?

## കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് ക്ഷേമനിധി പെൻഷൻ

3143 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് ക്ഷേമനിധിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രതിമാസം എത്ര രൂപയാണ് അംശദായമായി അടയ്ക്കേണ്ടതെന്നും ക്ഷേമനിധിയിൽ ചേർന്ന തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും അംശദായം അടയ്ക്കുന്ന തൊഴിലാളികൾക്ക് അടച്ച തുകയുടെ ലാഭവിഹിതം നൽകാറുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പ്രതിമാസം നൽകുന്ന പെൻഷൻ എത്രയാണെന്ന് അറിയിക്കാമോ; നിലവിൽ പെൻഷൻ കുടിശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശികയുണ്ടെന്നും കുടിശിക എന്നത്തേയ്ക്ക് തീർത്ത് നൽകാനാകുമെന്നും അറിയിക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ നിലവിൽ എത്ര പേർ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്; ഇതിൽ പെൻഷൻ ആയവർ എത്ര പേരുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ?

## കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിലെ അംഗത്വം

3144 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ എത്ര വയസ്സ് വരെ ഉള്ളവർക്ക് അംഗത്വം എടുക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; 55 വയസ്സ് വരെ അംഗത്വം എടുക്കാമെന്ന് പറയുമ്പോഴും 51 മുതൽ 55 വയസ്സ് വരെ അംഗത്വം എടുത്തവർക്ക് 10 വർഷം അംശാദായം അടച്ചില്ലയെന്ന് കാരണത്താൽ പെൻഷൻ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച ആക്ഷേപമോ പരാതിയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ എല്ലാ വിഭാഗങ്ങളുടെയും സംഘടന പ്രതിനിധികളെ ഉൾപ്പെടുത്താറുണ്ടോയെന്ന് അറിയിക്കുമോ; ഓൾ കേരളാ ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷനിൽ നിന്നുള്ള പ്രതിനിധിയെ ബോർഡിൽ

ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ;

(സി) സർവ്വകലാശാലകളുമായി സഹകരിച്ച് ഫോട്ടോഗ്രഫി, വീഡിയോഗ്രഫി സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്താൻ ഓൾ കേരളാ ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷന് അനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

**മെഡിക്കൽ ഷോപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

3145 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പ് തൊഴിലാളികളെ ആരോഗ്യമേഖലയിൽ സ്തുത്യർഹ സേവനമനുഷ്ഠിക്കുന്നവരെന്ന പരിഗണന നൽകി ആരോഗ്യപ്രവർത്തകരായി അംഗീകരിക്കണമെന്നും ഇ.എസ്.ഐ. അല്ലെങ്കിൽ തത്തുല്യമായ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണമെന്നുമുള്ള ആവശ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതന വർദ്ധനവ്**

3146 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

3147 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വീടുകൾ കാലപ്പഴക്കംമൂലം താമസയോഗ്യമല്ലാത്തവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒറ്റമുറിയും അടുക്കളയുമായുള്ള വീടുകൾക്ക് വൈദ്യുതീകരണം, കുടിവെള്ളം, സാനിട്ടേഷൻ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഉടമകളും ഉദ്യോഗസ്ഥന്മാരും വേണ്ടത്ര ശ്രദ്ധിക്കാത്തതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തോട്ടം തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കുന്നതിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

3148 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അതിഥി പോർട്ടലിന്റെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) അപ്നാഘർ പദ്ധതി പ്രകാരം താമസ സ്ഥലങ്ങളിൽ ഒരുക്കിയിട്ടുള്ള ആധുനിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ആവാസ് പദ്ധതി വഴി അതിഥി തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആരോഗ്യ-മരണ ഇൻഷുറൻസ് പരിരക്ഷയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പൂർത്തിയായ അപ്നാഘർ ഡോർമെറ്ററികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഇ) അതിഥി തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## ആവാസ്, ശ്രമിക് ബന്ധു പദ്ധതികൾ

3149 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികൾക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച കവച് പദ്ധതിയുടെ സവിശേഷതകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(സി) അതിഥി തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിയ ആവാസ്, ശ്രമിക് ബന്ധു എന്നീ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) അതിഥി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കുന്ന വിവിധ പാർപ്പിട പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ഇ) കേരളത്തിലെ അതിഥി തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാകുന്നത് എങ്ങനെയാണ്; വ്യക്തമാക്കാമോ?

## തൊഴിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ

3150 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റു നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

## ഒഡെപെകിന്റെ പ്രവർത്തനം

3151 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് വിദേശ രാജ്യങ്ങളിൽ കുറഞ്ഞ ചെലവിൽ തൊഴിൽ ലഭ്യമാക്കുന്നതിൽ ഒഡെപെക് കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ഒഡെപെക് വഴി വിദേശത്ത് ജോലി ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) ബെൽജിയം, ജർമ്മനി എന്നീ രാജ്യങ്ങളിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനായി ഒഡെപെക് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; റിക്രൂട്ട്മെന്റ് പൂർണ്ണമായും സൗജന്യമാണോയെന്നും ഇതിനായി നൽകി വരുന്ന ഭാഷാപരിശീലനത്തെക്കുറിച്ചും വിശദമാക്കാമോ;

(ഡി) ഏഷ്യയിലെ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് പരീക്ഷാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ആര്യനാട് ഗവ. ഐ.റ്റി.ഐ.യുടെ നവീകരണം

3152 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ അരുവിക്കര മണ്ഡലത്തിലെ ആര്യനാട് ഗവ. ഐ.റ്റി.ഐ.യുടെ നവീകരണത്തിനും അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## മണലൂർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കാൻ നടപടി

3153 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ ഐ.ടി.ഐ.യിൽ ഏതെല്ലാം ട്രേഡുകളാണ് നിലവിലുള്ളതെന്നും എല്ലാ ട്രേഡുകളിലും പരമാവധി കുട്ടികൾ നിലവിലുണ്ടോയെന്നും അറിയിക്കാമോ;

(ബി) അടുത്ത അധ്യയന വർഷത്തിൽ മണലൂർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏതെല്ലാം ട്രേഡുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## ഗവൺമെന്റ് ഐ.ടി.ഐ കൾ

3154 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ, പാറശ്ശാല ഗവൺമെന്റ് വനിതാ ഐ.ടി.ഐ എന്നിവിടങ്ങളിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; ഓരോ വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) ഈ ഐ. ടി. ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) 2016 ന് ശേഷം പ്രസ്തുത ഐ.ടി.ഐ കളിൽ പുതുതായി ഏതൊക്കെ കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) 2016 മേയ് മുതൽ നാളിതുവരെ പ്രസ്തുത ഐ.ടി.ഐ കളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ, അവയ്ക്കായി നീക്കിവെച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ ട്രേഡ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനിടെ (2016 മുതൽ) ഈ ഐ.ടി.ഐ.കളിൽ നിന്നും ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

## കോട്ടയം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

3155 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരം നൽകാമോ?

## കരിയർ പോളിസി

3156 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിയർ പോളിസി നടപ്പാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ; ഇത് നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും ഈ സർക്കാരിന്റെ കാലത്ത് തന്നെ നടപ്പിലാക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

## ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ലോവർ/ഹയർ പരീക്ഷകളുടെ സർട്ടിഫിക്കറ്റ് പരിശോധന

3157 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് ലോവർ/ഹയർ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരീക്ഷാഭവനിൽ ലഭ്യമാക്കണമെന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപേക്ഷകർക്ക് പ്രായപരിധി ബാധകമല്ലാത്തതിനാൽ പഴക്കമുള്ള സർട്ടിഫിക്കറ്റുകൾ പരിശോധിക്കാനും തുല്യതയ്ക്ക് വേണ്ടി കൃത്രിമരേഖകൾ ചമയ്ക്കുന്നത് കണ്ടെത്താനുമുള്ള ഓൺലൈൻ വെരിഫിക്കേഷനിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അസ്സൽ സർട്ടിഫിക്കറ്റ് പരിശോധിക്കാത്ത സാഹചര്യത്തിൽ ഈ വ്യവസ്ഥ ഒഴിവാക്കിയാൽ ഓൺലൈൻ വഴി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ കൃത്യമായി നടത്താൻ സാധിക്കാത്തതുകൊണ്ട് തുടർന്നും ഹാർഡ്കോപ്പി വെരിഫിക്കേഷൻ നിലവിലുള്ളതുപോലെ തുടരാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

3158 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഇ.എസ്.ഐ. ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്; പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ഡിസ്പെൻസറികളിലും അനുബന്ധ ഓഫീസുകളിലുമായി എത്ര നിയമനങ്ങൾ നടത്തുകയുണ്ടായി; വ്യക്തമാക്കാമോ;

(ഡി) ഇ.എസ്.ഐ. ആശുപത്രികളിലെ ലാബുകൾ, ഫാർമസി സ്റ്റോറുകൾ തുടങ്ങിയവ നവീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഓരോ ഇ. എസ്. ഐ. ആശുപത്രിയിലെയും സാധ്യതയും ആവശ്യകതയും പരിഗണിച്ച് പശ്ചാത്തല ചികിത്സ സംവിധാനങ്ങൾ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം

3159 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറിക്കായി ഇ.എസ്.ഐ. കോർപ്പറേഷൻ കെട്ടിടം തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

## ഓരുവെള്ള പ്രശ്നം

3160 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരുവെള്ളം ജനവാസ കേന്ദ്രങ്ങളിൽ കയറി ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിന് കണക്കാക്കിയിട്ടുള്ള തുക എത്രയെന്നും വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഓരു വെള്ളപ്രശ്നം സവിശേഷ ദുരന്തമായി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതിനാൽ എൽ. ആർ. ഡി. പോർട്ടൽ വഴി നഷ്ടപരിഹാരത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് കളക്ടേറ്റിലും താലൂക്ക് ഓഫീസുകളിലും തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ

3161 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കളക്ടേറ്റിലും ജില്ലയിലെ താലൂക്ക് ഓഫീസുകളിലും തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫയലുകൾ എത്ര വർഷമായി കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിക്കിടക്കുന്ന ഫയലുകളുടെ സ്വഭാവം ഏതൊക്കെയാണെന്ന് കളക്ടേറ്റിലും താലൂക്ക് ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഫയലുകൾ തീർപ്പാക്കാതെ അനന്തമായി കെട്ടിക്കിടക്കുന്നതിന്റെ കാരണം എന്താണെന്നും അന്തിമ തീർപ്പിന് സാധ്യതയില്ലാത്തവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ ഉണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സൺ നിയമനം

3162 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക കടാശ്വാസ കമ്മീഷനിലെ നിലവിലെ ചെയർപേഴ്സൺ ആരാണെന്നും എന്നുമുതലാണ് ടിയാനെ ചെയർപേഴ്സണായി നിയമിച്ചതെന്നും അറിയിക്കാമോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സൺ നിയമനത്തിന് പ്രത്യേക പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നും ആയത് പാലിച്ചുകൊണ്ടാണോ നിലവിലെ ചെയർപേഴ്സൺന്റെ നിയമനം നടത്തിയിട്ടുള്ളത് എന്നും നിലവിലെ ചെയർപേഴ്സൺന്റെ പ്രായം എത്രയെന്നും വിശദമാക്കാമോ;

(സി) നിലവിലെ ചെയർപേഴ്സൺന്റെ നിയമനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) നിലവിലെ ചെയർപേഴ്സൺന്റെ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

3163 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

## പുതിയ വില്ലേജ് ഓഫീസുകൾ

3164 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പുതിയ വില്ലേജ് ഓഫീസുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പീലിക്കോട്-മാണിയാട്ട് ഗ്രൂപ്പ് വില്ലേജ്, മാണിയാട്ട് വില്ലേജ് ഓഫീസായി എപ്പോൾ പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## സ്മാർട്ട് വില്ലേജ്

3165 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതേവരെ എത്ര വില്ലേജുകൾ സ്മാർട്ട് വില്ലേജുകൾ ആക്കി മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ നാളിതുവരെ ആരംഭിച്ച സ്മാർട്ട് വില്ലേജുകൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുമതിയായ തുക എത്രയാണെന്നും അവയുടെ തൽസ്ഥിതിയും അറിയിക്കാമോ?

## കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിന് റോഡ് സൗകര്യം

3166 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിന് റോഡ് സൗകര്യം ഒരുക്കുന്നതിനായി മാന്നാർ കരയിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് വർഷത്തിലാണ് ആരംഭിച്ചത്; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) ഭൂവുടമയായ ശ്രീമതി പി.ബി. സുമംഗലാദേവി 23.01.2009-ൽ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും ഇതുവരെ ഔദ്യോഗിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ 2010-ൽ മന്ത്രിതലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; അത്തരമൊരു തീരുമാനം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ തുടർച്ചയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) കടുത്തുരുത്തി പോളിടെക്നിക് കോളേജിലേക്കുള്ള റോഡിനായി നിർദ്ദേശിച്ച ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനായി പാലാ ലാൻഡ് അക്വിസിഷൻ തഹസീൽദാർ, പി.ഡബ്ല്യു.ഡി. എ.ഇ., എ.ഇ.ഇ. എന്നിവരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ വിളിച്ചു ചേർക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) റോഡിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ആകെ അളവ് എത്രയാണ്; പ്രസ്തുത ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ ധനസഹായം ഇതിനകം അനുവദിച്ചിട്ടുണ്ടോ; നിർദ്ദേശിച്ച ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂമിയുടമയ്ക്ക് ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ എത്ര തുകയാണ് നൽകിയത്; ഏത് തീയതിയിലാണ്; വ്യക്തമാക്കാമോ;

(എഫ്) കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിലേക്കുള്ള റോഡിനായി ഭൂമി ഏറ്റെടുത്ത് റോഡ് നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, ഭൂവുടമയായ ശ്രീമതി പി.ബി. സുമംഗലാദേവിക്ക് ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണം എന്താണ്; നഷ്ടപരിഹാരം അടിയന്തിരമായി അനുവദിച്ച് വിതരണം ചെയ്യുന്നതിനായി സ്വീകരിക്കാനിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## കോട്ടത്തറ വില്ലേജിൽ ഭൂനികുതി അടച്ചവരുടെ ലിസ്റ്റ്

3167 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർക്ക് കോട്ടത്തറ വില്ലേജ് ഓഫീസർ 06-01-2025-ന് നൽകിയ റിപ്പോർട്ട് പ്രകാരം ടി വില്ലേജിലെ സർവ്വേ നമ്പർ 1819 പി.ടി. യിൽ 83 പേരും സർവ്വേ നമ്പർ 1275 ൽ 24 പേരും റെലീസ് പോർട്ടലിൽ ഭൂനികുതി അടച്ച് വരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്രയും പേർക്ക് ഭൂമി ഇവിടെ ലഭിച്ചത് എങ്ങനെയാണെന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മൂലഗംഗൽ ഭാഗത്തുള്ള സർവ്വേ നമ്പർ 1850/പി.ടി, 1853/2, 1854/2, 1865/2, 1868/പി.ടി, 1869/3 എന്നീ സർവ്വേ നമ്പറുകളിലുള്ള ഭൂമിക്ക് ഒന്നിൽ കൂടുതൽ ആധാരങ്ങളുള്ളതായി കോട്ടത്തറ വില്ലേജ് ഓഫീസർ അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർക്ക് 15-06-2023-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) നികുതി കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സനാതന ട്രസ്റ്റ് പ്രസിഡന്റ് അടക്കമുള്ളവർ സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ടി അപേക്ഷകളിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

## ഏറനാട് മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

3168 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെയായി റവന്യൂ വകുപ്പ് ഏറനാട് മണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദാംശവും അറിയിക്കാമോ;

(ബി) ഈ കാലയളവിൽ ഏറനാട് മണ്ഡല പരിധിയിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്നും പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

3169 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## മലപ്പുറം ആസ്ഥാനമാക്കി പുതിയ താലൂക്ക്

3170 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയും അതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഏറനാട്, പെരിന്തൽമണ്ണ, തിരൂർ താലൂക്കുകളിലെ വില്ലേജുകളും ചേർത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സംഘം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മലപ്പുറം ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

## നേതാക്കളുടെ സ്മാരകത്തിന് ഭൂമി

3171 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാനം രാജേന്ദ്രൻ സ്മാരകത്തിനായി റവന്യൂ വകുപ്പ് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഏത് വില്ലേജിലാണെന്നും സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) കാനം രാജേന്ദ്രൻ സ്മാരകത്തിനായി ആരോഗ്യവകുപ്പിന് കീഴിൽ ആദ്യം കണ്ടെത്തിയ ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിൽ കണ്ടെത്തിയ ഭൂമി കൈമാറുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) കെ.എം. മാണി സ്മാരകത്തിനായി ഭൂമി അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ

3172 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാവുമ്പോൾ പാർക്കിംഗ് സൗകര്യത്തിനായി അധിക ഭൂമി ആവശ്യമാണോ; ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷനുവേണ്ടി അധികഭൂമി ഏറ്റെടുക്കേണ്ടത് ഏത് വകുപ്പാണ്; ഇത് സംബന്ധിച്ച് നേരത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ?

**<u>പാറശ്ശാല നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

3173 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നിലവിൽ നാളിതുവരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് വഴി നടപ്പിലാക്കിയതും നിലവിൽ നടന്നുവരുന്നതുമായ പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക, പദ്ധതികളുടെ നിർവഹണ ഏജൻസികൾ, ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) 2016- ന് ശേഷം പാറശ്ശാല മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തിയായി എന്നും നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

**<u>റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും പരസ്യങ്ങളുടെ വിശദാംശം</u>**

3174 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ അനുവദിച്ച ഫണ്ട്</u>**

3175 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ റവന്യൂ വകുപ്പ് മുഖേന ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശം പദ്ധതികളുടെ പേര് സഹിതം വിശദമാക്കാമോ?

**<u>റവന്യൂ വകുപ്പിലെ ഡിജിറ്റൽവൽക്കരണം</u>**

3176 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പ് പൂർണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ; ജനങ്ങൾക്ക് എളുപ്പത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാകുന്നതിന് പ്രസ്തുത സംവിധാനം എത്രത്തോളം സഹായകമാണ്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വില്ലേജുകളിൽ ബി.ടി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ), തണ്ടപ്പേർ രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) റവന്യൂ വകുപ്പിലെ ഡിജിറ്റൽവൽക്കരണത്തിലൂടെ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് വേഗത്തിലും സുതാര്യമായും ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശങ്ങൾ നൽകാമോ?

## ഭൂമി തരംമാറ്റം

3177 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഭൂമി തരംമാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വർഷം തിരിച്ചും ജില്ല തിരിച്ചും വിശദീകരിക്കുമോ;

(ബി) 2017-ന് ശേഷം ആധാരം രജിസ്റ്റർ ചെയ്ത 25 സെന്റിൽ താഴെ വിസ്തീർണമുള്ള ഭൂമി തരംമാറ്റുന്നതിന് ഫീസ് ഇളവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കിയാണോ മാർക്കറ്റ് വില നിജപ്പെടുത്തിയാണോ തരംമാറ്റുന്നതിന് ഫീസ് ഈടാക്കുന്നത്; വിശദമാക്കാമോ;

(ഡി) ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി ചുമതല നൽകിയിട്ടും ആയിരക്കണക്കിന് അപേക്ഷകൾ പെൻഡിംഗിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റുന്നതിനുള്ള ചുമതല തഹസിൽദാർമാർക്ക് കൂടി നൽകുമോ; വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

3178 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) കടുത്തുരുത്തി മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കുന്ന സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(സി) 2021 മുതൽ കടുത്തുരുത്തി മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടത്തുന്ന പട്ടയ വിതരണ പുരോഗതി വ്യക്തമാക്കാമോ; വിശദാംശം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാമോ?

## റവന്യൂ വരുമാനം വർദ്ധിപ്പിക്കൽ

3179 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിലൂടെ ലഭിച്ച വരുമാനം എത്രയെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച കണക്ക് വ്യക്തമാക്കാമോ?

## കോവളം നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പദ്ധതികൾ

3180 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

3181 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികളുടെ പുരോഗതിയും അനുവദിച്ച തുകയും തരം തിരിച്ച് വിശദമാക്കാമോ;

(ബി) പൂർത്തിയാവാത്ത പദ്ധതികൾക്ക് തടസ്സമെന്താണെന്നും അവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കാമോ?

## വാമനപുരത്തെ 'ഹൈവേ അമിനിറ്റി സെന്റർ' പദ്ധതി

3182 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കല്ലറ വില്ലേജിൽ അരുവിപ്പുറം ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറിയിട്ടുള്ള ആറ്റുപുറമ്പോക്കിൽപ്പെട്ട 50 സെന്റ് പുറമ്പോക്ക് ഭൂമിയുടെ (ബ്ലോക്ക് നം.21-ൽ റീസർവ്വേ നം.300-ൽ) സർവ്വേ സ്കെച്ചും വിവരങ്ങളും ടൂറിസം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ പദ്ധതി പ്രകാരം എം.സി. റോഡിൽ പാതയോരത്ത് യാത്രക്കാർക്ക് ആവശ്യമായ സൗകര്യം ഒരുക്കുന്നതിനായി നെല്ലനാട് വില്ലേജിൽ

'ഹൈവേ അമിനിറ്റി സെന്റർ അറ്റ് വാമനപുരം ' എന്ന പദ്ധതിക്കായി 50 സെന്റ് ഭൂമി (ബ്ലോക്ക് നം.25-ൽ റീസർവ്വേ നം.100/77-ൽ) അനുവദിച്ചു നൽകുന്നതിനായി ടൂറിസം വകുപ്പ് അർത്ഥനാപത്രം ആവശ്യപ്പെട്ടതിൽ റവന്യൂ വകുപ്പ് ഇതേവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

3183 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2021-26 കാലഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കാത്തവ എന്നിവ തരംതിരിച്ച് തുക ഉൾപ്പെടെ രേഖപ്പെടുത്തി വിശദമായ മറുപടി നൽകാമോ;

(സി) പ്രകൃതി ദുരന്തനിവാരണ നിധി ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും ലഭ്യക്കാമോ?

## അട്ടപ്പാടി അഗളി വില്ലേജ് മലയാറ്റൂർ കുരിശുമുടി സ്ഥലത്തിലെ അനധികൃത കയ്യേറ്റം

3184 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അഗളി വില്ലേജ് മലയാറ്റൂർ കുരിശുമുടി വക സ്ഥലം അനധികൃതമായി കയ്യേറുന്നതു സംബന്ധിച്ച പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) അഗളി വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് അഗളി വില്ലേജിൽ കാവുണ്ടിക്കൽ ശാന്തി നൽകിയ പരാതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

## കോട്ടത്തറ വില്ലേജിലെ ഭൂമി കൈമാറ്റം

3185 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർക്ക് 6-01-2025 ന് കോട്ടത്തറ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ട്പ്രകാരം കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പർ 1819 പി. ടി യിൽ 83 പേരും സർവേ 1275 ൽ 24 പേരും റെലീസ് പോർട്ടലിൽ ഭൂനികുതി അടച്ച് വരുന്നതായി രേഖപ്പെടുത്തി. ഇവരുടെ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് ഇത്രയും പേർക്ക് എങ്ങനെയാണ് ഭൂമി ലഭിച്ചതെന്നത് സംബന്ധിച്ച് നാളിതുവരെ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അട്ടപ്പാടി ട്രൈബൽ താലൂക്ക് തഹസിൽദാർക്ക് 15.06.2023 ന് കോട്ടത്തറ വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം മൂലഗംഗൽ ഭാഗത്തെ സർവ്വേ നമ്പർ 1850/ പി.ടി, 1853/2, 1854/2, 1865/2, 1868/പി.ടി, 1869/3 എന്നീ സ്ഥലങ്ങൾക്ക് ഒന്നിൽ

കൂടുതൽ ആധാരങ്ങൾ ഉള്ളതായി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സനാതന ട്രസ്റ്റ് പ്രസിഡന്റ് അടക്കം നികുതി കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയും പകർപ്പും ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

**ഇടുക്കി ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

3186 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 ജനവരി 31 വരെ ഇടുക്കി ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം നിയോജക മണ്ഡലവും വർഷവും തിരിച്ച് ലഭ്യമാക്കാമോ?

**നാദാപുരം നിയോജക മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ**

3187 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നാദാപുരം നിയോജക മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരം വില്ലേജ് തിരിച്ച് പേര്, അഡ്രസ്സ് സഹിതം ലഭ്യമാക്കാമോ?

**തരൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ**

3188 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ തരൂർ മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ 2020 വരെയുള്ള കാലയളവിൽ മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**പട്ടയവിതരണം**

3189 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിന്റെ പരിധിയിൽ എത്ര പേർക്കാണ് പട്ടയം വിതരണം ചെയ്തത് എന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

**വർക്കല മണ്ഡലത്തിൽ പട്ടയം നൽകൽ**

3190 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിവരങ്ങൾ മണ്ഡലത്തിലെ ഓരോ വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**തൊടുപുഴ നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പിനു കീഴിൽ നടപ്പാക്കിയ പദ്ധതികൾ**

3191 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പിനു കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് എത്ര പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വിതരണം ചെയ്യാനുള്ളവ എത്ര; വിശദമാക്കാമോ?

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പട്ടയങ്ങളുടെ വിവരം**

3192 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പട്ടയവുമായി ബന്ധപ്പെട്ട് ഇതുവരെ തീർപ്പാകാത്ത അപേക്ഷകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ**

3193 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും എത്ര പേർക്ക് ആണ് പട്ടയം അനുവദിച്ചതെന്നും ഏത് വർഷത്തിൽ ആണെന്നും വിശദമാക്കാമോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ പട്ടയ വിതരണം**

3194 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വള്ളിക്കുന്ന് പഞ്ചായത്തിലെ നാലാം വാർഡിൽ സ്ഥിരതാമസക്കാരും പരമ്പരാഗത തൊഴിലാളികളുമായ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 37 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നും ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പുതുതായി പട്ടയം വിതരണം ചെയ്തു എന്നുള്ളതിന്റെയും കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടി മാറ്റുന്നതിനുള്ള അനുമതി

3195 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ കർഷകർ നട്ടു പിടിപ്പിച്ച മരങ്ങൾ വെട്ടി മാറ്റുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ പട്ടയ വിതരണം

3196 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം ലഭ്യമായിട്ടുണ്ടെന്ന് അവരുടെ പേരു വിവരങ്ങൾ സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടയ നടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയെന്ന് വില്ലേജ്, ഇനം എന്നിവ തിരിച്ച് അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കാമോ;

(ഡി) അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## കാട്ടാക്കട നിയോജക മണ്ഡലത്തിൽ 10 വർഷത്തിനുള്ളിൽ പട്ടയം ലഭിച്ചവർ

3197 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 വില്ലേജുകളിലായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്രപേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത പട്ടയവിതരണങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര പേരാണ് പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ളത്?

## ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വകുപ്പുകളുടെ ഏകോപനം

3198 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന് പിന്നാലെ സംസ്ഥാനത്തെ പ്രളയസാധ്യത മേഖലകളുടെയും ഉരുൾപൊട്ടൽ സാധ്യത മേഖലകളുടെയും മൈക്രോലെവൽ മാപ്പിംഗ് നടത്തുമെന്ന് പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര ജലകമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കാലാവസ്ഥ പ്രവചനങ്ങളും നീരൊഴുക്കും മണ്ണിടിച്ചിൽ സാധ്യതകളും ഉൾപ്പടെയുള്ള വിവരങ്ങൾ തത്സമയം അതാത് പ്രദേശങ്ങളിൽ എത്തിക്കാനുള്ള നെറ്റ്‌വർക്ക് സംവിധാനം ഒരുക്കുന്നതിന് ജലം, റവന്യൂ, തദ്ദേശം, കാലാവസ്ഥ, വനം, പോലീസ് തുടങ്ങിയ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനവും ഒത്തൊരുമിച്ചുള്ള പ്രവർത്തനവും ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കാലഘട്ടത്തിന് അനുസൃതമായി പ്രകൃതിദുരന്തങ്ങളിൽ ശാസ്ത്രസ്ഥാപനങ്ങളുടെയും പുതിയ അറിവുകളുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും സഹായം പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നിലങ്ങളും ജലാശയങ്ങളും നികത്തുന്നതിനെതിരെയുള്ള നടപടി

3199 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലങ്ങളും ജലാശയങ്ങളും നികത്തുന്നതിനെതിരെ നിയമങ്ങളുണ്ടായതിനുശേഷം കേരളത്തിൽ എത്ര ഹെക്ടർ നിലം/ജലാശയം നികത്തപ്പെട്ടു എന്നതിനു കണക്കുണ്ടോ; ഇതിൽ സർക്കാർ അനുമതിയോടെ എത്ര നിലങ്ങൾ/ജലാശയങ്ങൾ നികത്തുകയുണ്ടായി എന്നു വിശദമാക്കാമോ?

## ചെക്ക് ഡാം- കം -ബ്രിഡ്ജിന് അപ്രോച്ച് റോഡ് നിർമ്മാണം

3200 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിൽ 2012 ൽ മീനച്ചിൽ ആറിന് കുറുകെ മൈനർ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ചെക്ക് ഡാം- കം -ബ്രിഡ്ജ് പാലാ മുനിസിപ്പാലിറ്റിയിലെ ചെത്തിമറ്റവും മീനച്ചിൽ പഞ്ചായത്തിലെ പാറപ്പള്ളി പ്രദേശവും തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

## റെയിൽവേ മേൽപ്പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി

3201 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പുന്നമൂട് റെയിൽവേ മേൽപ്പാലം, വെൺകുളം റെയിൽവേ മേൽപ്പാലം എന്നീ പ്രവൃത്തികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി എറ്റെടുക്കൽ നടപടി ഏതു തീയതിയിൽ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പി. യു. കെ. സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ

3202 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി. യു. കെ. സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

## ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം

3203 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പോളിടെക്നിക് കോളേജ്, കടുത്തുരുത്തി-റോഡ് നിർമാണത്തിനായി ഭൂമി വിട്ടു നൽകിയ വ്യക്തികൾ ആരൊക്കെയാണ്; അവരുടെ പേര്, സർവേ നമ്പർ, വിസ്തീർണം എന്നിവ വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഭൂമി വിട്ടുനൽകിയതിന് ബന്ധപ്പെട്ടവർക്ക് ഇതുവരെ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുകയും അനുവദിച്ച തീയതിയും വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം ഇതുവരെ നൽകാത്ത പക്ഷം, അതിന് കാരണമായ ഭരണ/ നിയമപരമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് റവന്യൂ (താലൂക്ക്/ജില്ല/ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്)ഓഫീസിലാണ്; ബന്ധപ്പെട്ട ഫയൽ നമ്പർ അറിയിക്കാമോ;

(ഇ) ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വകുപ്പ് മുഖേനയും ഏത് നിയമപ്രകാരവും (ഭൂമി ഏറ്റെടുക്കൽ നിയമം, റവന്യൂ റോഡ് ക്രമവൽക്കരണം മുതലായവ) ആണെന്ന് കൂടി വ്യക്തമാക്കാമോ;

(എഫ്) ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാർ/വകുപ്പ് തലത്തിൽ ഏതെങ്കിലും അനുമതി അല്ലെങ്കിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഉത്തരവ് നമ്പറും തീയതിയും നൽകാമോ; ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിലെ ഫയൽ നമ്പർ കൂടി ലഭ്യമാക്കാമോ;

(ജി) നഷ്ടപരിഹാരം നൽകുന്നതിനുള്ള സമയപരിധി എന്താണ്; ഇതുസംബന്ധിച്ച് ഭാവിയിൽ സ്വീകരിക്കാനിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## റവന്യൂ ഭൂമി വനമായി നോട്ടിഫൈ ചെയ്യുന്നത്

3204 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി വനമായി നോട്ടിഫൈ ചെയ്യുന്നത് മൂലം മലയോര കർഷകർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ വനം വകുപ്പുമായി ചേർന്ന്

നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കേരള സംസ്ഥാന വഖഫ് ബോർഡ് ഓഫീസ് ആവശ്യത്തിന് ഭൂമി**

3205 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ എട്ട് സർവ്വെ നമ്പർ നാലിൽപ്പെട്ട മുപ്പത്തിനാല് സെൻറ് പുറമ്പോക്ക് ഭൂമി വഖഫ് ബോർഡിന് അനുവദിച്ച് നല്കുന്നതിനായി 18-04-2022 തീയതിയിൽ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ നാളിതുവരെ റവന്യു വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് അടിയന്തരമായി സ്ഥലം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

**കാർഷിക അഭിവൃദ്ധിക്ക് വേണ്ടി വിനിയോഗിച്ച ഭൂമി തരം മാറ്റ ഫീസ്**

3206 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ഈടാക്കിയ ഫീസിനത്തിലും മറ്റ് ഇനങ്ങളിലും ലഭ്യമായിട്ടുള്ള തുകയിൽ എത്ര തുക കാർഷിക അഭിവൃദ്ധിക്ക് വേണ്ടി ചിലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മറ്റ് ഇനങ്ങളിൽ ലഭ്യമായിട്ടുള്ള ആകെ തുക എത്രയാണ്; വിശദമാക്കാമോ?

**അരുവിക്കര നിയോജക മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

3207 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളുടെ പരിധിയിൽ ഉൾപ്പെടുന്ന റവന്യൂ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ, അവയുടെ വിസ്തീർണ്ണം, നിലവിലെ സ്ഥിതി എന്നിവ വില്ലേജ് തിരിച്ച് അറിയിക്കുമോ?

**മഞ്ചേരി നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ**

3208 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനു ശേഷം നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ നിന്ന് ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചത്; വിശദമായ കണക്കുകൾ വർഷം തിരിച്ച

ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡുകൾക്ക് അനുവദിച്ച തുകയും പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

3209 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസ്, മാറാക്കര വില്ലേജ് ഓഫീസ് എന്നിവയുടെ കെട്ടിട നിർമാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കാമോ; പ്രവൃത്തികൾ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിലെ വില്ലേജ് ഓഫിസുകളിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി ഉയർത്താനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുവാനുള്ളതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3210 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജ് ആക്കുന്നതിനായി തുക അനുവദിച്ചത്; ആയതിന് അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജായി മാറ്റാത്ത വില്ലേജുകൾ ഏതെല്ലാമാണ്; ആയതിനെ സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## താലൂക്ക്-വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

3211 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ മാവേലിക്കര മണ്ഡലത്തിൽ താലൂക്ക്, വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് അനുവദിച്ച തുകയും, പ്രവൃത്തികളുടെ തൽസ്ഥിതിയും വിശദമാക്കാമോ?

## അരൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

3212 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി, അരൂർ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കൊല്ലം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3213 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്നും അവയുടെ നിർവ്വഹണ പുരോഗതിയും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## റവന്യൂ വകുപ്പിലെ താത്കാലിക നിയമനങ്ങൾ

3214 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ചു വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര നിയമങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റു നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; വിശദാംശം സ്ഥാപനം തിരിച്ചു വ്യക്തമാക്കുമോ?

## വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം

3215 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിൽ സ്റ്റേ നീക്കം ചെയ്യുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മുണ്ടക്കൈ - ചൂരൽ മല ദുരന്ത ബാധിതർക്ക് ടൗൺ ഷിപ്പിൽ വീട്

3216 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്കുള്ള ടൗൺ ഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽ

നിന്നടക്കമുള്ള അനർഹരെ ഉൾപ്പെടുത്തിയത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് കുറ്റക്കാരായി കണ്ടെത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര അനർഹരെയാണ് ഇപ്രകാരം ഉൾപ്പെടുത്തിയത്; വിശദമാക്കാമോ;

(സി) കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അറിയിക്കാമോ;

(ഡി) ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

**<u>സിൽവർ ലൈൻ മഞ്ഞ കുറ്റി സ്ഥാപിച്ച സ്ഥലങ്ങളിൽ ക്രയവിക്രയങ്ങൾ അനുവദിക്കാൻ നടപടി</u>**

3217 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുമായി മുന്നോട്ട് പോകുന്നില്ല എന്ന് സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി ഭൂമിയിൽ മഞ്ഞ കുറ്റി അടക്കം സ്ഥാപിച്ച സ്ഥലങ്ങളിൽ ക്രയ വിക്രയങ്ങൾ അനുവദിക്കാൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>നാട്ടുകുന്ന് പ്രദേശത്തെ കുടുംബങ്ങളുടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി</u>**

3218 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് പ്രദേശത്ത് ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് കൈവശാവകാശം തെളിയിക്കുന്നതിന് പട്ടയരേഖകളോ പകർപ്പോ, ആധാരങ്ങളോ ഇല്ലാത്തതിനാൽ ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ ഈ കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമി തരം മാറ്റം</u>**

3219 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഭൂമി തരം മാറ്റുന്നതിനും ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനുമായി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) മേൽ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആയുധ ലൈസൻസ് അപ്പീൽ അപേക്ഷ

3220 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുധ ലൈസൻസ് അപേക്ഷ വിഷയത്തിൽ ശ്രീ. സജി മാത്യൂ (പരിയാത്ത് പടവിൽ വീട്, അയർക്കുന്നം പി.ഒ., കോട്ടയം) സമർപ്പിച്ച ഫയൽ നം. 879596/25 പ്രകാരമുള്ള അപ്പീൽ 15/01/2026-ന് ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത അപ്പീൽ ഒരു ക്വാസി-ജൂഡീഷ്യൽ നടപടിയായതിനാൽ, ഇരു കക്ഷികളുടെയും ഹിയറിംഗ് നടത്തി ബന്ധപ്പെട്ട ഫയലുകളും അപ്പീൽ അപേക്ഷയും പരിശോധിച്ച ശേഷം മാത്രമേ തീരുമാനം എടുക്കേണ്ടതുള്ളൂ എന്ന നിയമവ്യവസ്ഥ പാലിച്ചിട്ടുണ്ടോ;

(ബി) അപ്പീൽ സമർപ്പണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ വ്യക്തതയില്ലാത്ത സാഹചര്യങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ, അത് പരിഗണിച്ച് അപ്പീൽ കാര്യപരമായി (മെറിറ്റിന്റെ അടിസ്ഥാനത്തിൽ) പരിശോധിക്കേണ്ടതാണെന്ന നിയമസിദ്ധാന്തം പ്രയോഗിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികൾ വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) ഫയൽ നം. 879596/25 പ്രകാരമുള്ള അപ്പീൽ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയുധ ലൈസൻസ് അപേക്ഷ വിഷയത്തിൽ പുതുതായി തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അപ്പീൽ സ്വീകരിച്ച ശേഷം ഇതുവരെയും ഹിയറിംഗ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഹിയറിംഗ് നിശ്ചയിക്കുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഒരു ക്വാസി-ജൂഡീഷ്യൽ നടപടിയിൽ വരുത്തുന്ന അനാവശ്യ കാലതാമസം അപേക്ഷകന്റെ നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ, എത്രയും വേഗം ഹിയറിംഗ് നടത്തി നിയമാനുസൃതമായ തീരുമാനം എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ കാലതാമസത്തിനുള്ള വ്യക്തമായ വിശദീകരണം നൽകാമോ?

## ഡിജിറ്റൽ സർവ്വേ

3221 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 വർഷത്തിൽ തരൂർ നിയോജകമണ്ഡലത്തിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര വില്ലേജുകളിൽ പദ്ധതി

നടക്കുന്നുണ്ട്; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ ഡിജിറ്റൽ സർവേ**

3222 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ പൂർത്തിയാക്കാൻ ഉള്ളതെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**ഡിജിറ്റൽ സർവേയുടെ പുരോഗതി**

3223 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവേയുടെ പുരോഗതി വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ ആരംഭിച്ചിട്ടുള്ളതെന്നും ഇവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**ഇടുക്കി ജില്ലയിലെ ഡിജിറ്റൽ സർവ്വേ**

3224 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിൽ ഡിജിറ്റൽ സർവ്വേയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് താലൂക്ക് തിരിച്ച് വിശദമാക്കാമോ; ഇതിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുണ്ടെന്നും എത്രയിടങ്ങളിൽ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**കായലുകളുടേയും പുഴകളുടേയും തടാകങ്ങളുടേയും സർവ്വേ**

3225 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായലുകൾ, പുഴകൾ, തടാകങ്ങൾ എന്നിവിടങ്ങളിലെ കയ്യേറ്റം ഒഴിവാക്കുന്നതിനായി ഇവയുടെ വിസ്തൃതി തിട്ടപ്പെടുത്തുവാൻ സമഗ്രമായ സർവ്വേ നടപടികൾ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ റവന്യൂവകുപ്പ് റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഇത്തരം സർവ്വേകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഡിജിറ്റൽ റീസർവേയുടെ പുരോഗതി**

3226 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ റീസർവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഡിജിറ്റൽ റീസർവേ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും എന്നറിയിക്കുമോ; വിശദാംശം നൽകുമോ?

## കോതമംഗലം മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വെ

3227 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയായിട്ടുള്ള വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഡിജിറ്റൽ സർവ്വേ നടന്നുകൊണ്ടിരിക്കുന്ന വില്ലേജുകളിൽ സർവേ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഡിജിറ്റൽ സർവേ ആരംഭിക്കുന്ന മുഴുവൻ വില്ലേജുകളിലും സർവേ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മലയോര മേഖലയിലെ അർഹരായ എല്ലാവർക്കും പട്ടയം

3228 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിൽ താമസക്കാർക്ക് സി.എച്ച്. ആർ, 10 ചെയിൻ, എൽ.എ നിയമങ്ങൾ മൂലം പട്ടയം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സുപ്രീം കോടതിയിലും ഹൈക്കോടതയിലുമുള്ള പട്ടയം സംബന്ധിച്ച കേസുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) മലയോര മേഖലയിലെ അർഹരായ എല്ലാവർക്കും പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സി.എച്ച്.ആർ മേഖലയിലെ പട്ടയ വിതരണം

3229 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. എച്ച്. ആർ (ഏലം) മേഖലകളിൽ നിലവിൽ എന്തൊക്കെ നിർമ്മാണ നിരോധനങ്ങളാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സി.എച്ച്.ആർ മേഖലയിൽ പട്ടയം നൽകുന്നതിന് നിലവിൽ പ്രതിബന്ധങ്ങൾ ഉണ്ടോ എന്നും എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) സി.എച്ച്.ആർ മേഖലയിൽ പട്ടയം നൽകിയ ഭൂമിയിൽ വീട് നിർമ്മാണത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി റവന്യൂ ടവർ നവീകരണം

3230 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരിയിലെ റവന്യൂ ടവർ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടവറിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ഹൗസിംഗ് ബോർഡ് പ്രവർത്തനം സംബന്ധിച്ച്

3231 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ 2021 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഹൗസിംഗ് ബോർഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്?

## തൊടുപുഴ നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

3232 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കാമോ?

## കൊല്ലം മണ്ഡലത്തിലെ ഫ്ലഡ് റോഡുകൾ

3233 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭരണാനുമതി നൽകിയ ഫ്ലഡ് റോഡുകളുടെ നിർവ്വഹണ പുരോഗതി

വിശദമാക്കാമോ?

**കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

3234 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിക്കുമായി അനുവദിച്ച തുക, നിലവിലെ പ്രവൃത്തികളുടെ സ്ഥിതി, എന്നിവയും വിശദമാക്കാമോ?

**കുട്ടനാട്ടിൽ ഡിസാസ്റ്റർ മാനേജ്മന്റ് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

3235 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഡിസാസ്റ്റർ മാനേജ്മന്റ് പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വെള്ളപ്പൊക്കവും ഉപ്പുവെള്ളം കയറുന്നതും അടക്കമുള്ള ദുരന്തങ്ങൾ കുട്ടനാടിനെ വേട്ടയാടുമ്പോൾ ഡിസാസ്റ്റർ വിഭാഗത്തിന്റെ വലിയ പിന്തുണ കുട്ടനാടിനു നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വേനൽക്കാലത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**2019-ലെ പ്രളയത്തിൽ തകർന്ന വീടുകളുടെ ഉടമസ്ഥർക്ക് ധനസഹായം**

3236 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2019-ലെ പ്രളയത്തിൽ തകർന്ന വീടുകളുടെ ഉടമസ്ഥർക്ക് ധനസഹായം അനുവദിച്ചെങ്കിലും അക്കൗണ്ടുകളിലെ പിഴവുകൾ കാരണം തുക വിതരണം ചെയ്യാൻ സാധിക്കാതിരുന്ന തൃശ്ശൂർ ജില്ലയിലെ 116 ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ 17.01.2023-ലെ എൽആർ/13628/2022-എൽആർ(എച്ച്2) നമ്പർ കത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകാനായിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ബി) എളവള്ളി പഞ്ചായത്തിലെ കല്ലായി വീട്ടിൽ ശ്രീ. മനോജ് എന്നയാൾക്ക് പ്രസ്തുത ധനസഹായം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് ധനസഹായം നൽകാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഇല്ലെങ്കിൽ ടിയാന് ധനസഹായം നൽകാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**വെട്ടൂർ ഫിഷർമെൻ കോളനി പുനർ നിർമ്മാണം**

3237 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വെട്ടൂർ ഫിഷർമെൻ കോളനി പുനർനിർമ്മാണത്തിനായി മത്സ്യബന്ധന വകുപ്പ് ദുരന്തനിവാരണ വകുപ്പിന് അയച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ഫ്ലഡ് റോഡ് പദ്ധതി

3238 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 വർഷത്തിൽ തരൂർ നിയോജക മണ്ഡലത്തിൽ ഫ്ലഡ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കാലാവസ്ഥാ അഭയാർത്ഥികൾ

3239 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണവും ഉരുൾപൊട്ടലും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ കാരണം വരും കാലങ്ങളിൽ സംസ്ഥാനത്ത് ലക്ഷക്കണക്കിന് കാലാവസ്ഥാ അഭയാർത്ഥികളുണ്ടായേക്കാം എന്ന് പഠനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥയിലെത്തുന്നവരെ പുനരധിവസിപ്പിക്കാനായി മാത്രം ലക്ഷ്യമിട്ട് സർക്കാർ വക ഭൂമികൾ മാറ്റിവെച്ചുകൊണ്ട് ഒരു പ്രത്യേക റെസിലിയന്റ് ലാൻഡ് ബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭാവിയിൽ കടലെടുത്തുപോകാൻ സാധ്യതയുള്ള ഭൂമിയെ തിരിച്ചറിഞ്ഞ് അതിന്റെ ക്രയവിക്രയത്തിൽ ക്ലൈമറ്റ് റിസ്ക് ഡിസ്ക്ലോഷർ നിർബന്ധമാക്കുമോ; വിശദമാക്കുമോ;

(സി) ഓരോ സർവ്വേ നമ്പറിനും ഡിസാസ്റ്റർ വൾനറബിലിറ്റി സ്കോർ റവന്യൂ രേഖകളിൽ രേഖപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കായംകുളം മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

3240 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും , ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

## 1955-ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയുമായി ബന്ധപ്പെട്ട പരാതി

3241 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ റ്റി. 3424/2001 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയുമായി ബന്ധപ്പെട്ട് 2018 മുതൽ നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ എല്ലാ പേജുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## അപാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകൾ

3242 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1983-ലെ കേരള അപാർട്മെന്റ് ഓണർഷിപ്പ് ആക്റ്റ് എന്നിവ പ്രകാരം അപാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഓണേഴ്സ് അസോസിയേഷൻ നിലവിലുള്ള ഒരു അപാർട്ട്മെന്റ് സമുച്ചയത്തിൽ സമാന്തരമായി 1983 കേരള അപാർട്മെന്റ് ഓണർഷിപ്പ് ആക്റ്റ് പ്രകാരം മറ്റൊരു ഓണേഴ്സ് അസോസിയേഷൻ പുതിയതായി രജിസ്റ്റർ ചെയ്യാൻ സാധ്യമാണോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; ഇപ്രകാരം രജിസ്ട്രേഷൻ സാധ്യമല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരം രജിസ്ട്രേഷൻ സാധ്യമാകുന്ന പക്ഷം നിലവിലുള്ള ഓണേഴ്സ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ആസ്തികളും മറ്റ് സർവ്വീസുകളുടെയും ഉടമസ്ഥത പുതിയതായി രജിസ്റ്റർ ചെയ്യുന്ന അസോസിയേഷന് ലഭ്യമാകുമോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) 2023 മുതൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ രണ്ട് ആക്റ്റുകളും പ്രകാരം അപാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവരുടെ പേര് വിവരം ലഭ്യമാക്കാമോ; ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും രജിസ്ട്രേഷൻ നടത്താത്തവയുടെ പേരും ആയതിനുള്ള കാരണവും ലഭ്യമാക്കുമോ; കൂടാതെ 1983-ലെ കേരള അപാർട്മെന്റ് ഓണർഷിപ് ആക്റ്റ് പ്രകാരം ഓണേഴ്സ് അസോസിയേഷന്റെ രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചവയുടെ പേരുവിവരവും പ്രത്യേകം ലഭ്യമാക്കാമോ?

## തൊടുപുഴ നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3243 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

## ഡിജിറ്റൽ ആസ്തികൾക്കുള്ള നിയമപരമായ നോമിനേഷൻ സംവിധാനം

3244 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാൾ മരണപ്പെട്ടാൽ അയാളുടെ ഡിജിറ്റൽ ആസ്തികൾ (സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, ക്രിപ്റ്റോ കറൻസി, ഡൊമെയ്‌നുകൾ, ഡിജിറ്റൽ ഡോക്യുമെന്റുകൾ) അവകാശികൾക്ക് കൈമാറുന്നതിനോ അല്ലെങ്കിൽ അത് റദ്ദാക്കുന്നതിനോ ഉള്ള നിയമപരമായ നോമിനേഷൻ സൗകര്യം രജിസ്ട്രേഷൻ വകുപ്പിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മരണപത്രങ്ങളിൽ (Wills) ഡിജിറ്റൽ ആസ്തികൾ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(സി) ഡിജിറ്റൽ ഡാറ്റയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ബ്ലോക്ക് ചെയിൻ അധിഷ്ഠിത രജിസ്ട്രേഷൻ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ;

(ഡി) സ്വകാര്യതയും പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട് ഡിജിറ്റൽ പൈതൃക സംരക്ഷണത്തിന് ഒരു പ്രത്യേക 'ഡിജിറ്റൽ ആർക്കൈവിംഗ്' പോളിസി കൊണ്ടുവരുമോ?

## സബ്ബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാനുള്ള നടപടി

3245 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ്ബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും നേരത്തെ ഇതിനനുകൂലമായ റിപ്പോർട്ട് രജിസ്ട്രേഷൻ ഐ.ജി. നൽകിയിട്ടും ഇത് അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

## ചെറുവത്തൂർ-വീരമലക്കുന്നിൽ അനുവദിച്ച ജില്ലാ പൈതൃക മ്യൂസിയം

3246 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ-വീരമലക്കുന്നിൽ അനുവദിച്ച ജില്ലാ പൈതൃക മ്യൂസിയവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത മ്യൂസിയം എപ്പോൾ നിലവിൽ വരുമെന്നും വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിൽ മാമാങ്ക മ്യൂസിയം

3247 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സാമൂതിരി രാജയുടെ സ്മൃതി നിലനിർത്തുന്നതിന് ഉതകുന്ന വിധത്തിൽ മലപ്പുറം ജില്ലയിൽ മാമാങ്ക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു

വരുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കോഴിക്കോട് കോർപ്പറേഷന്റെ പഴയ കെട്ടിടം പ്രാദേശിക മ്യൂസിയമാക്കി മാറ്റാൻ നടപടി**

3248 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ പഴയ കെട്ടിടം പ്രാദേശിക മ്യൂസിയമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ**

3249 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ ഏതെങ്കിലും ചരിത്രസ്മാരകങ്ങളെയോ പുരാതന നിർമ്മിതികളെയോ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുരാവസ്തു വകുപ്പ് വഴി നടപ്പിലാക്കിയ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ അവസ്ഥ (പൂർത്തിയായവ/പുരോഗമിക്കുന്നവ), നിർവഹണ ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ പുരാതന ക്ഷേത്രങ്ങൾ, ശിലാലിഖിതങ്ങൾ, ചരിത്ര പ്രാധാന്യമുള്ള മറ്റ് സ്ഥലങ്ങൾ എന്നിവയുടെ നവീകരണത്തിനോ ഗവേഷണത്തിനോ വേണ്ടി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**അരുവിക്കര ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ നടന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ**

3250 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിലെ അരുവിക്കര ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ നടന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും നടന്ന പ്രവൃത്തികൾ, അവയുടെ തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
18-02-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].